കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആറളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.10 /338 / 2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
E-mail: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി : 17-04-2019.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

ആറളം ഗ്രാമ പഞ്ചായത്ത്.

സർ.

വിഷയം: ആറളം ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്.

-------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ആറളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15].

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ,1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (എയിംസിൽ)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ-മെയിൽ)

3. കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി. 10/338 /2019 തീയ്യതി : 17-04-2019.

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

ആമുഖം

ആറളം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 23-9-2017 മുതൽ 30-11-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്ത്വവും ഉണ്ടായിരിക്കുന്നതല്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ശശികുമാർ.എം. പി.<br>ഡെപ്യൂട്ടി ഡയറക്ടർ |

.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 11-3-2019 മുതൽ 19-3-2019 വരെ | ശ്രീ.സി.വി.ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫീസർ |
| 11-3-2019 മുതൽ 19-3-2019 വരെ | ശ്രീ. ശശീന്ദ്രൻ. കെ. | അസി.ഓഡിറ്റ്ഓഫീസർ |
| 11-3-2019 മുതൽ 19-3-2019 വരെ | ശ്രീമതി. വിപിന വത്സരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| 11-3-2019 മുതൽ<br>19-3-2019 വരെ | ശ്രീമതി. ധന്യ. എം | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഷിജി നട്ടപ്പറമ്പിൽ. | 1-4-2017 മുതൽ<br>31-3-2018 വരെ |
| സെക്രട്ടറി | ശ്രീമതി. അന്നമ്മ. എം. | 1-4-2017 മുതൽ<br>30-7-2017 വരെ<br>14-8-2017 മുതൽ<br>31-3-2018 വരെ |
| | ശ്രീ. ബാബു തോമസ്, അസിസ്റ്റന്റ് സെക്രട്ടറി<br>(അധിക ചുമതല) | 31-7-2017 മുതൽ<br>13-8-2017 വരെ |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ബാബു തോമസ്. | 1-4-2017 മുതൽ<br>31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. മഞ്ജുള. എൻ.കെ.. | 1-4-2017 മുതൽ<br>3-7-2017 വരെ<br>2-9-2017 മുതൽ<br>6-9-2017 വരെ<br>3-10-2017 |
| | ശ്രീ. മനോഹരൻ മാണിക്കോത്ത് | 4-7-2017 മുതൽ<br>1-9-2017 വരെ<br>7-9-2017 മുതൽ<br>2-10-2017 വരെ<br>4-10-2017 മുതൽ<br>31-3-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ജ്യോത്സന. | 1-4-2017 മുതൽ<br>10-4-2017 വരെ |
| | ശ്രീ. വിനേഷ് കുമാർ. | 11-4-2017 മുതൽ<br>5-7-2017 വരെ |
| | ശ്രീ. എം. യു. രാമകൃഷ്ണൻ. | 6-7-2017 മുതൽ<br>19-10-2017 വരെ |

| | | |
|---|---|---|
| | ശ്രീ. സതീഷ് കുമാർ. | 20-10-2017 മുതൽ 18-2-2018 വരെ |
| | ശ്രീ. റജിന. എ. | 19-2-2018 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ. കീഴ്പ്പള്ളി | ശ്രീ. സങ്കേത്. കെ. | 1-4-2017 മുതൽ 9-11-2017 വരെ |
| | ശ്രീ. ഷാജീവൻ. പി. | 10-11-2017 മുതൽ 31-3-2018വരെ |
| വി.ഇ.ഒ. എടൂർ | ശ്രീമതി. ജോമോൾ ജോസ് | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. പ്രിയ സദാനന്ദൻ. | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ. സിതാര ധർമ്മരാജ്. | 1-4-2017 മുതൽ 9-4-2017 വരെ 20-4-2017 മുതൽ 23-8-2017 വരെ |
| | ഡോ. കൃഷ്ണകുമാർ | 10-4-2017 മുതൽ 19-4-2017 വരെ |
| | ഡോ. സന്തോഷ് കുമാർ ടി.വി. | 24-8-2017 മുതൽ 3-11-2017 വരെ |
| | ഡോ. അനീഷ് കുമാർ. കെ | 4-11-2017 മുതൽ 16-2-2018 വരെ |
| | ഡോ. വീണഅഗസ്റ്റിൻ | 17-2-2018 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ GHD | ഡോ. ജിഷ. | 1-4-2017 മുതൽ 31-3-2018 വരെ |
| വെറ്റിനറി സർജൻ | ഡോ.പി.എൻ. ഷിബു. | 1-4-2017 മുതൽ 31-3-2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. പ്രസന്ന കുമാരി. എം. | 1-4-2017 മുതൽ 30-6-2017 വരെ |

| | | |
|---|---|---|
| | ശ്രീമതി. ഷീന. എം. | 1-7-2017 മുതൽ 30-11-2017 വരെ |
| | ശ്രീമതി.ശ്രീലത.പി. പി. | 1-12-2017 മുതൽ 31-3-2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. കെ. പി. അബ്ദുള്ള. | 1-4-2017 മുതൽ 31-3-2018 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1-പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം 2-വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | രസീത് അപാകങ്ങൾ | 2-1 |
| 14 | വസ്തുനികുതി അപാകങ്ങൾ | 2-2 |
| 15 | തൊഴിൽ നികുതി അപാകങ്ങൾ | 2-3 |
| 16 | ഡി & ഒ ലൈസൻസ് അപാകങ്ങൾ | 2-4 |
| 17 | ഷോപ്പിംഗ് കോംപ്ലക്സ് വാടക - ജി.എസ്.ടി ഈടാക്കിയില്ല | 2-5 |
| 18 | ജീപ്പ് ലേലം - കൃത്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചമൂലം ₹39000 യുടെ വരുമാനംനഷ്ടം | 2-6 |
| 19 | ഇ - ടെണ്ടർ ഫീയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള ₹1,42,000 തിരികെ ലഭിക്കാനുള്ള നടപടി സ്വികരിക്കേണ്ടതാണ്. | 2-7 |
| 20 | വളർത്തുനായകൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് എടുക്കുന്നില്ല. | 2-8 |
| ഭാഗം 3-ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 21 | സാക്ഷരതാമിഷൻ സമഗ്ര തുടർവിദ്യാഭ്യാസ പരിപാടി-കൈപ്പറ്റ് രശീതി വിനിയോഗ | 3-1 |

| | | |
|---|---|---|
| | സാക്ഷ്യപത്രം എന്നിവയില്ല ₹63,350യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 22 | എസ്.എസ്.എ. പദ്ധതിക്ക് മാച്ചിംഗ് ഗ്രാന്റ് നൽകൽ - എസ്.എസ്.എ പ്രവർത്തനങ്ങൾ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. | 3-2 |
| 23 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യം ഉറപ്പുവരുത്തേണ്ടതാണ്. | 3-3 |
| 24 | കുട്ടികൾക്ക് യോഗപരിശീലനം -ചെലവ് രേഖകൾ അപൂർണ്ണം ₹ 1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-4 |
| 25 | ഉപരിപഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - ആവശ്യമായ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല; ₹89,850യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-5 |
| 26 | ഉപരിപഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ; അപാകങ്ങൾ- ₹29,950 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-6 |

| | | |
|---|---|---|
| 27 | പാത്രങ്ങൾ സ്റ്റോക്കിലെടുക്കാത്തത് - ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-7 |
| 28 | മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല | 3-8 |
| 29 | വനിതകളായ ക്ഷീരകർഷകർക്ക് ഉല്പാദന ബോണസ് - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ. | 3-9 |
| 30 | തെരുവുവിളക്കുകൾ ഗുണമേന്മ പരിശോധന നടത്തിയില്ല-ഗ്യാരണ്ടികാലയളവിൽ റിപ്പയർ ചെയ്തില്ല. കരാർ തുകയിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല ചെലവ് ₹ 1,92,990 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-10 |
| 31 | തെരുവുവിളക്ക് സ്ട്രീറ്റ് ലൈനിനു വേണ്ടി പുതിയ ലൈൻ സ്ഥാപിക്കൽ ഒന്നാം ഘട്ടം - പ്രവൃത്തി സത്വരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 3-11 |
| 32 | വരൾച്ചാ ദുരിതാശ്വാസം കുടിവെള്ള വിതരണം- ചെലവ് രേഖകൾ അപൂർണ്ണം :-₹2,60,557 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-12 |
| 33 | തൊഴിൽരഹിത വേതനം അനർഹരെ ഒഴിവാക്കേണ്ടതാണ് | 3-13 |
| 34 | ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡ് | 3-14 |

| | | |
|---|---|---|
| | ടാറിംഗ് പ്രവൃത്തികൾ നടപ്പാക്കിയില്ല | |
| 35 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ വിവിധ നിർമ്മാണ പ്രവൃത്തികൾ:- അപാകങ്ങൾ ₹1807656 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-15 |
| ഭാഗം 4-പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 39 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 43 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |

| | | |
|---|---|---|
| 46 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 47 | റെസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം2-1 |
| 48 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം2-2 |
| 49 | ബാലൻസ് ഷീറ്റ് | അനുബന്ധം2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ ബജറ്റ് 28-3-2017 ലെ 59/17-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 28-3-2018ലെ 102/18-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവിരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ |
|---|---|---|
| മുന്നിരിപ്പ് | 20144650 | 37503773 |
| വരവ് | 163056000 | 144048750 |
| ആകെ | 183200650 | 181552523 |
| ചെലവ് | 181895900 | 174745900 |
| നീക്കിയിരിപ്പ് | 1304750 | 6806623 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2017-18 | 31-7-2018 | 12-6-2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|
| 2017-18 | 4-7-2018 മുതൽ 5-7-2018 വരെ | കെ.എസ്.എ/കെ.എൻ.ആർ/ സി.10/ 1360/2018. തീയ്യതി : 31-7-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | 2017-18 |
|---|---|
| മുന്നിരിപ്പ് | 29739917 |
| വരവ് | 81937444 |
| ആകെ | 111677361 |
| ചെലവ് | 77529336 |
| നീക്കിയിരിപ്പ് | 34148025 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 26387000 | 26387000 | 19671339 | 6715661 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 599634 | 599634 | 559900 | 39734 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 6245462 | 6245462 | 4331142 | 1914320 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 10460000 | 10460000 | 10386407 | 73593 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 5666000 | 5666000 | 5655257 | 10743 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 10600702 | 10600702 | 10600702 | 0 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | 3228163 | 3228163 | | |
| സാക്ഷരത | | 465833 | 20962 | 486795 | 0 | 486795 |
| ദുരിതാശ്വാസനിധി | | 12449 | 33238 | 45687 | 35220 | 10467 |
| എം.ജി.എൻ. ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 42611769 | 42611769 | 42611769 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1251559 | 1251559 | 1249526 | 2033 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 1.അനുപൂരക പോഷകാഹാരം | | 1013943 | 253200 | 1267143 | 923937 | 343206 |
| 2. എം.പി. ഫണ്ട് | | 32606 | 231376 | 263982 | 227061 | 36921 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2418240 | 2418240 | 2306484 | 111756 |
| | ജില്ലാ പഞ്ചായത്ത് | 265000 | 846500 | 1111500 | 801484 | 310016 |
| ബി ഫണ്ട് | | - | 45343040 | 45343040 | 45343040 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 9244107 | 1294933 | 22193438 | 11571992 | 10620797 |
| | ട്രഷറി അക്കൗണ്ട് | 18660525 | 11108105 | 29768630 | 8129885 | 21638745 |

ജനറൽ പർപ്പസ് ഗ്രാന്റ് തുകയിലെ ചെലവ് പ്രത്യേകം സൂക്ഷിക്കുന്നില്ല. ജനറൽ പർപ്പസ് ഗ്രാന്റിന്റെ വിവരം തനത് ഫണ്ട് ട്രഷറി അക്കൗണ്ടിൽ ഉൾപ്പെടുന്നുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 232 | 101908545 | 172 | 59678853 | 66 | 60 | 45.69 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 28 | 15 | 12550302 | 7029582 | 56.01 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 2 | 2 | 900000 | 900000 | 100 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 132 | 94 | 55828121 | 30947473 | 55.43 |
| 4 | കൃഷി ഓഫീസർ | 12 | 12 | 3699535 | 1928654 | 52.13 |
| 5 | വി.ഇ.ഒ. എട്ടൂർ | 9 | 8 | 4202000 | 3030620 | 72.12 |
| 6 | വി.ഇ.ഒ. കീഴ്പ്പള്ളി | 14 | 11 | 7216187 | 2907881 | 40.3 |
| 7 | മെഡിക്കൽ ഓഫീസർ PHC | 7 | 5 | 1375000 | 873872 | 63.55 |
| 8 | മെഡിക്കൽ ഓഫീസർ GAD | 2 | 2 | 1000000 | 1000000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ GHD | 3 | 3 | 300000 | 288986 | 96.33 |
| 10 | വെറ്റിനറി സർജൻ | 9 | 8 | 4671000 | 2492038 | 53.35 |
| 11 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 6246400 | 6191347 | 99.12 |
| 12 | ഹെഡ് മാസ്റ്റർ | 9 | 7 | 1190000 | 688400 | 57.85 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2730000 | 1400000 | 51.28 |
| | ആകെ | 232 | 172 | 101908545 | 59678853 | 58.56 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1251559 | 1251559 | 1249526 | 2033 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 42611769 | 42611769 | 42611769 | 0 |
| ആകെ | 0 | 43863328 | 43863328 | 43861295 | 2033 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 21240 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 5054700 | 452 |
| വിധവാ പെൻഷൻ | 11715700 | 995 |
| വാർദ്ധക്യകാല പെൻഷൻ | 23836200 | 1931 |
| വികലാംഗ പെൻഷൻ | 3832500 | 324 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 462700 | 39 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)ാ വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-3-2019 ന് 2.40 pm മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 72,851 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ നല്ലരീതിയിൽ വർത്തിച്ചുവരുന്നുണ്ട്. കൃത്യമായ ജോലിവിഭജനം നടത്തി ചുമതലകൾ ഏൽപിച്ചുവരുന്നുണ്ട്. പഞ്ചായത്ത് ഓഫീസ് ജീവനക്കാരുടെ യോഗം 2017-18 ൽ 18-4-2017, 5-7-2017, 21-7-2017, 27-9-2017, 28-10-2017, 22-11-2017, 18-12-2017, 30-01-2018, 16-2-2018, 16-3-2018എന്നീ തീയ്യതികളിൽ ചേർന്നിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകളിൽ ഓഫീസ് പ്രവർത്തനത്തിൽ സംഭവിക്കുന്ന പോരായ്മകൾ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കാനുള്ള പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ജോലി പുരോഗതി ചർച്ച ചെയ്ത് വിലയിരുത്തുന്നതിനായി സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്നു വരുന്നുണ്ട്. നികതി പിരിവ് 100% കൈവരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകി വരുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-12-2012 | 2007-08 മുതൽ 2011-12 വരെ | 7-3-2013 |
| പെർഫോമൻസ് ഓഡിറ്റ് | 22-11-2018 | 1-7-2018മുതൽ 31-10-2018വരെ | 31-12-2018 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.

1. വാർഷിക ധനകാര്യപത്രിക 2017-18 (RP-40 b) പ്രകാരം ദുരിതാശ്വാസനിധിയിൽ ₹ 9067 നീക്കിയിരിപ്പുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് B-2 പ്രകാരം ഈയിനത്തിലെ നീക്കിയിപ്പ് ₹10467 യാണ്. വ്യത്യാസം ₹1400.
2. ബാലൻസ് ഷീറ്റ് 2017-18 B-4 പത്രിക പ്രകാരം "Grants funds and Contribution for Specific Purpose ഇനത്തിൽ നീക്കിയിരിപ്പായി ₹1701860 ബാക്കിയുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ തുക നീക്കിയിരിപ്പുള്ളതായി കാണിക്കുന്ന

അക്കൗണ്ടുകളുടെ വിവരങ്ങൾ, രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. വാർഷികധനകാര്യപത്രിക RP-7പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ച വിവിധ ഗ്രാന്റിനത്തിലെ തുകകളും പ്രസ്തുത തുക സംബന്ധിച്ചുള്ള സാംഖ്യ എ.സി.ആർ പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

| വാർഷികധനകാര്യ പത്രിക പ്രകാരം | | സാംഖ്യ,എ.സി.ആർ പ്രകാരം | | വ്യത്യാസം |
|---|---|---|---|---|
| ഫണ്ടിനം | ലഭിച്ച തുക | ഫണ്ടിനം | ലഭിച്ച തുക | |
| വികസനഫണ്ട് പൊതുവിഭാഗം | 18112120 | വികസനഫണ്ട് പൊതുവിഭാഗം | 19671339 | 1559219 |
| എസ്.സി.പി | 521900 | എസ്.സി.പി | 559900 | 38000 |
| ടി.എസ്.പി | 3488242 | ടി.എസ്.പി | 4331142 | 842900 |
| റോഡ് സംരക്ഷണഗ്രാന്റ് | 9097565 | റോഡ് സംരക്ഷണഗ്രാന്റ് | 10386407 | 1288842 |

4. Auction Deposit ഇനത്തിലെ വരവ്, ചെലവ്, വാർഷികധനകാര്യപത്രിക പ്രകാരവും, ഡെപോസിറ്റ് രജിസ്റ്റർ പ്രകാരവും പൊരുത്തപ്പടുന്നില്ല.

| വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ് | ഡെപ്പൊസിറ്റ് രജിസ്റ്റർ പ്രകാരം വരവ് | വ്യത്യാസം | വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് | ഡെപ്പൊസിറ്റ് രജിസ്റ്റർ പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|---|---|---|
| 304969 | 324969 | 20000 | 19006 | 49206 | 30200 |

5. other deposit ഇനത്തിൽ വാർഷികധനകാര്യപത്രിക ബി-7 പത്രികയിൽ കാണിച്ചിട്ടുള്ള ₹ 20550 ഏതിനത്തിൽ ലഭിച്ച തുകയാണെന്ന് വ്യക്തമല്ല.

6. വാർഷികധനകാര്യപത്രിക 2017-18 B-15 പത്രികയിലെ " receivables against hire purchase” എന്നയിനത്തിൽ₹107500 ലഭിക്കാനുള്ളതായി കാണിച്ചിട്ടുണ്ട് .ഈ തുക ഏതിനത്തിൽ ഏത് കാലയളവിൽ ലഭിക്കാനുള്ള തുകയാണെന്ന് വ്യക്തമല്ല.

7. വാർഷികധനകാര്യപത്രിക B-18 ൽ കാണിച്ച other advances,advance to implementing

officers എന്ന ശീർഷകങ്ങളിൽ കാണിച്ച തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

8. വസ്തുനികുതി വാർഷികധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, പിരിവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| എ. ഡിമാന്റ് | 2814387 |
| പിരിവ് | 2365400 |
| നീക്കിയിരിപ്പ് | 448987 |

എന്നാൽ B-15പ്രകാരം നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത് ₹289634 ആണ്.

| | |
|---|---|
| ബി. കുടിശ്ശിക ഡിമാന്റ് | 439983 |
| പിരിവ് | 1130627 |
| നീക്കിയിരിപ്പ് | 690644 |

ഇത് പ്രകാരം കുടിശ്ശികഡിമാന്റിനെക്കാളും തുക പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ 2017-18 വാർഷികധനകാര്യപത്രിക B-15ൽ കുടിശ്ശികയിനത്തിൽ ₹376267 പിരിച്ചെടുക്കവാനുള്ളതായി കാണിച്ചിട്ടുണ്ട്.

സി. വസ്തുനികുതി വാർഷികധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശികഡിമാന്റ് സഞ്ചയ പ്രകാരമുള്ള കുടിശ്ശികഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല.

| കുടിശ്ശിക ഡിമാന്റ്-സഞ്ചയപ്രകാരം | കുടിശ്ശിക ഡിമാന്റ്-വാർഷികധനകാര്യ പത്രികപ്രകാരം |
|---|---|
| 1449052 | 439983 |

ഡി.വസ്തുനികുതി കുടിശ്ശിക ബാലൻസ് സഞ്ചയപ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല

| കുടിശ്ശിക ഡിമാന്റ്-സഞ്ചയപ്രകാരം | കുടിശ്ശിക പിരിവ് |
|---|---|
| 1449052 | 1130627 |

മേൽസ്ഥിതിവിവരമനുസരിച്ച് യഥാർത്ഥ ബാലൻസ് തുക ₹318425 ആണ് വേണ്ടത്. എന്നാൽ ബാലൻസായി സഞ്ചയ സി.ബിയിൽ കാണിച്ച തുക ₹357600 ആണ്. ഇതിന്റെ അടിസ്ഥാനം ഏതെന്ന് വ്യക്തമല്ല.

9. തൊഴിലുറപ്പ് പദ്ധതിയിൽ വാർഷികധനകാര്യപത്രിക RP-31 കാണിച്ച തുകയും EFMS വഴിയുള്ള തുകയും, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രക I-16പ്രകാരമുള്ള തുകയും

പൊരുത്തപ്പെടുന്നില്ല.

10.ബാലൻസ്ഷീറ്റ് B-11 പത്രികയിൽ കാണിച്ചിട്ടുള്ള സ്ഥിരആസ്തികളുടെ പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ ലഭ്യമല്ല

11. നിക്ഷേപങ്ങളുടെ രജിസ്റ്ററിൽ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല

12. വാർഷികധനകാര്യ പത്രികയോടൊപ്പം പ്രധാന അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

13. ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

14. ചെലവഴിക്കാനവശേഷിക്കുന്ന ഗ്രാന്റ് തുകകൾ, സംയുക്തപ്രൊജക്ടിനു വേണ്ടി ലഭിച്ച തുകകൾ എന്നിവയുടെ വിവരങ്ങൾ കാണിക്കുന്ന എ.സി.ആർ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് അപാകങ്ങൾ

രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ ആയത് സ്ഥാപന മേലധികാരിയോ, സ്ഥാപന മേലധികാരി അതിനായി ഉത്തരവ് മൂലം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ ക്യാൻസൽ ചെയ്യുവാനുണ്ടായ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ക്യാൻസൽ ചെയ്ത പല രസീതുകളും ഇപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|---|
| 1 | 5068 | 47 |
| 2 | 5074 | 18 |
| 3 | 5071 | 24 |
| 4 | 5084 | 6 |
| 5 | 5085 | 64 |
| 6 | 5071 | 1 |

## 2-2 വസ്തുനികുതി അപാകങ്ങൾ

1. സഞ്ചയയിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി

ഡി & ഒ ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ പാർപ്പിടമെന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ക്രമ നമ്പർ | വാർഡ് /ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം |
|---|---|---|---|
| 4 | 6/87 | ദേവാനന്ദൻ. കെ | അനാദികച്ചവടം |
| 10 | 11/10 | സെബാസ്റ്റ്യൻ മുട്ടപ്പള്ളിൽ | ഫുഡ് പ്രൊഡക്ട്സ് |
| 24 | 8/129 | പി. മൊയ്തു പാനേരി | അനാദി കച്ചവടം |

ഇപ്രകാരം ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളേയും കണ്ടെത്തി തിരുത്തി കുടിശ്ശിക ഉണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. വസ്തുനികുതി- കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി ഇനത്തിലുള്ള കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക ₹ (AFS പ്രകാരം) |
|---|---|---|
| 1 | വസ്തുനികുതി(തൻവർഷം) | 289634 |
| 2 | വസ്തുനികുതി(കുടിശ്ശിക) | 376267 |
| | ആകെ | 665901 |

കുടിശ്ശിക ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി അപാകങ്ങൾ

1. ഓഡിറ്റ് വർഷം താഴെ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | ആറളം പഞ്ചായത്ത് വനിതാ സഹകരണസംഘം | രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി, സ്ഥാപനനികുതി ഈടാക്കിയിട്ടില്ല |
| 2 | ഇരിട്ടി മാർക്കറ്റിംഗ് അഗ്രികൾച്ചർ സഹകരണസംഘം | ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി, സ്ഥാപനനികുതി ഈടാക്കിയിട്ടില്ല |
| 3 | എട്ടൂർ ഏരിയാ എംപ്ലോയീസ് പെൻഷനേഴ്സ് വെൽഫേർ സഹകരണ സംഘം | ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി, സ്ഥാപനനികുതി ഈടാക്കിയിട്ടില്ല |
| 4 | ഗവ. ആയുർവേദ ഡിസ്പെൻസറി ആറളം | ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതിഈടാക്കിയിട്ടില്ല |
| 5 | ബി എസ് എൻ എൽ | ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി, സ്ഥാപനനികുതി എന്നിവ ഈടാക്കിയിട്ടില്ല. |
| 6 | കള്ള്ഷാപ്പ് കീഴ്പ്പള്ളി | ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. |
| 7 | മരിയൻ ഗാർമെന്റ്സ് എട്ടൂർ | ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/16-3-2019) മറുപടിയായി മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുമെന്ന് അറിയിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 2016-17 വർഷം തൊഴിൽ നികുതി ഈടാക്കിയ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ശ്രീനാരായണഗുരു കോളേജ് ഓഫ് ആർട്സ് & സയൻസ് |
| 2 | സ്റ്റാർസ് ആറളം ജി.പി (ജലനിധി ഓഫീസ്) |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (28/16-3-2019) മറുപടിയായി മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുമെന്ന് അറിയിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള നികുതി ഈടാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

3. ജി.ഒ (ആർ.ടി)1734/90/ത.ഭ.വ തീയതി 21-4-1990 നമ്പർ ഉത്തരവ് പ്രകാരം വികലാംഗരായ ജീവനക്കാർക്ക് തൊഴിൽനികുതി ഒഴിവാകുന്നതിനായി തൊഴിൽനികുതി റിട്ടേണുകളോടൊപ്പം സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്ന് 40 ശതമാനമോ അതിൽ കൂടുതലോ അംഗവൈകല്യമുള്ളതായി സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. എന്നാൽ താഴെ പരാമർശിച്ച വികലാംഗരായ ജീവനക്കാരുടെ അംഗവൈകല്യം സംബന്ധിച്ച സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് സ്ഥാപനം | തസ്തിക | കാലയളവ് |
|---|---|---|---|
| 1 | അൻവർ കുനിയിൽ ഗവ. ഹൈസ്കൂൾ, ആറളം ഫാം | ഓഫീസ് അറ്റൻഡന്റ് | 2017-18 I,II അർദ്ധവർഷം |
| 2 | നൗഷാദ്. പി. കെ. ഗവ. എൽ. പി സ്കൂൾ, ഇടവേലി | എൽ.പി.എസ്.എ | 2017-18 1,II അർദ്ധവർഷം |
| 3 | സുജിത്. പി. വെറ്റിനറി ഡിസ്പെൻസറി,എടൂർ | പി.ടി.എസ് | 2017-18 I,II അർദ്ധവർഷം |
| 4 | പ്രേമരാജൻ. ടി. പി. ആറളം ഫാമിംഗ് കോർപ്പറേഷൻ ലിമിറ്റഡ് | എൽ.ഡി.സി | 2017-18 Iഅർദ്ധവർഷം |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (28/16-3-2019) മറുപടിയായി മേൽ ജീവനക്കാരിൽ നിന്നും വികലാംഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ച് ഓഡിറ്റിൽ ഹാജരാക്കുമെന്ന്

അറിയിച്ചിട്ടുണ്ട്.

4. വൈകി തൊഴിൽ നികുതി ഒടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് | ഒടുക്കിയ തുക | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 1 | ചെടിക്കുളം ക്ഷീരോൽപാദക സഹകരണ സംഘം | 2017-18 I Half | 3000 | 117030102265 20-10-2017 |
| 2 | ടി.ആർ.ടി.എം ആറളം ഫാം ഓഫീസ് | 2017-18 I Half | 1250 | 117030105190 6-10-2017 |

മേൽ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, അക്ഷയകേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (28/16.3.2019) മറുപടിയായി മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് അപാകങ്ങൾ

1. ഡി & ഒ ലൈസൻസ് അപേക്ഷകൾ അപൂർണ്ണം

ഡി & ഒ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച മിക്ക അപേക്ഷകളിലും അവശ്യവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഒരു ദിവസത്തെ വിറ്റുവരവിന്റെയോ /ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ മിക്ക അപേക്ഷയിലും ഈ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും ഉള്ളടക്കം ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് /കെട്ടിട നമ്പർ | അപേക്ഷകന്റെ പേര് | സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | XI/10 | സെബൈസ്റ്റ്യൻ മുട്ടപ്പള്ളിൽ | ഫുഡ് പ്രൊഡക്ട്സ് നിർമ്മാണം | സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല |

| | | | | |
|---|---|---|---|---|
| 2 | I/2 | രാജേഷ് സി | മരത്തടി സംഭരണവും വിൽപ്പനയും | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കിയില്ല |

അപേക്ഷയിൻമേലുള്ള അന്വേഷണ റിപ്പോർട്ടോ, സെക്രട്ടറിയുടെ തീരുമാനമോ ഇല്ലാതെയാണ് ഡി & ഒ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്.

2. വിറ്റുവരവിനനുസൃതമായി ഡി & ഒ ഫീസ് ഈടാക്കിയിട്ടില്ല

താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ് /കെട്ടിട നമ്പർ അപേക്ഷകന്റെ പേര് സ്ഥാപനം | വിറ്റുവരവ് /യന്ത്രശക്തി | ഈടാക്കേണ്ട തുക ₹ | ഈടാക്കിയ തുക ₹ | രശീത് നമ്പർ/തീയതി | കുറവ് ₹ |
|---|---|---|---|---|---|---|
| 1 | 13/322 സക്കറിയ. യു.എ. ഓയിൽ മിൽ | 48 HP | 500 | 300 | 117030101100 6-7-2017 | 200 |
| 2 | 6/307 ടി. എം. ബേബി. ഫർണ്ണിച്ചർ വിൽപ്പന | ₹6000 | 200 | 100 | 4684/4 16-7-2017 | 100 |
| 3 | 15/54 രാജുതോമസ്. അനാദികച്ചവടം | ₹5000 | 100 | 50 | 117030101610 21-8-2017 | 50 |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന 350 രൂപ ഈടാക്കേണ്ടതാണ്.

3. ഡി ആന്റ് ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും

ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനു മുമ്പായി സമർപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലഭ്യമായ അപേക്ഷകളുടെ പരിശോധനയിൽ പല അപേക്ഷകളും സമർപ്പിച്ചത് സമയപരിധി പാലിക്കാതെയാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | വ്യപാര ഇനം | റസീറ്റ് നമ്പർ/തീയതി |
|---|---|---|---|---|
| 1 | ദേവസ്യ തറപ്പേൽ | 28-02-2018 | അനാദികച്ചവടം | 117030104880/28-02-2018 |
| 2 | വിജയൻ | 12-01-2018 | കള്ള്ഷാപ്പ് | 117030103541/12-01-2018 |
| 3 | മാത്യു കെ ജി | 13-10-2017 | വെൽഡിംഗ് ഷോപ്പ് | 117030102209/13-10-2017 |

സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുമ്പ് തന്നെ ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തിക വർഷ ആരംഭം മുതൽ ലൈസൻസ് വാങ്ങിക്കുന്ന തീയതി വരെ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചുവെന്നാണ് അർഥമാക്കുന്നത്. ആയതിനാൽ ചട്ടലംഘനത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരം പഞ്ചായത്തിന് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പിഴ ശിക്ഷ ഈടാക്കാവുന്നതാണ്. തുടർവർഷങ്ങളിൽ ഡി ആന്റ് ഒ ലൈസൻസ് ചട്ടത്തിൽ അനുശാസിക്കുന്ന വിധം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4. ഡി & ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ, വസ്തുവകകൾക്കോ ആപൽകരമോ അസഹ്യതയോ ഉണ്ടാക്കാനിടയുള്ളതായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ചട്ടപ്രകാരമുള്ള ലൈസൻസ് നേടേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളാണുള്ളത്. ഈ വാർഡുകളിലെല്ലാമായി 271 സ്ഥാപനങ്ങൾ 2017-18 വർഷത്തേക്ക് ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച 1713 കെട്ടിടങ്ങളുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
| --- | --- |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടങ്ങൾ | 1312 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിലുള്ളകെട്ടിടങ്ങൾ | 185 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിലുള്ളഷോപ്പിംഗ് മാളുകൾ | 11 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ പെട്ടികടകൾ,കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 19 |
| ഓഡിറ്റോറിയം, അസംബ്ലി കെട്ടിടം | 64 |
| ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകൾക്കുള്ള ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 45 |
| വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 48 |
| ഇതരവ്യവസായ ആവശ്യത്തിനുള്ളവ | 29 |
| ആകെ | 1713 |

മേൽ പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1713 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. എന്നാൽ 271 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക ( ട്രേഡേഴ്സ് ലിസ്റ്റ് )വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ഇപ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തന്നെ ഡി& ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്.

ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-5 ഷോപ്പിംഗ് കോപ്ലക്സ് വാടക - ജി.എസ്.ടി ഈടാക്കിയില്ല

2017-18 വർഷം ആറളം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോപ്ലക്സിലെ വാടകയ്ക്ക് നൽകിയിട്ടുള്ള മുറികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടകക്കാരന്റെ പേര് | വാർഡ് നമ്പർ/റൂം നമ്പർ |
|---|---|---|
| 1 | റീജിയിണൽ മാനേജർ,സിവിൽ സപ്ലൈസ് കോർപ്പറേഷൻ | XVII/452,453,454,455 |
| 2 | കുര്യൻ കെ.ടി | XVII/451 |
| 3 | ബിന്ദു. ഇ കെ | XVII/450 |
| 4 | മോൻസി ജോസഫ് | XVII/449 |
| 5 | മൈലപ്രവൻ ചന്ദ്രൻ | XVII/448 |
| 6 | പുതീയപുരയിൽ നാണു | XVII/447 |
| 7 | ജോഷി ജോസഫ് | XVII/460 |
| 8 | മനീഷ് മർക്കോസ് | XVII/459 |
| 9 | ശശി പുത്തനറയിൽ | XVII/458 |
| 10 | പി കെ ഭാസ്കരൻ,കെ.വി പ്രഭാകരൻ | XVII/456,457 |

ഇതിൽ ക്രമ നമ്പർ 7ഉം 8 ഉം ആയ വാടകക്കാരൊഴികെ മറ്റ് വാടകക്കാരിൽ നിന്നും ജി എസ് ടി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന്(15/15.03.2019) മറുപടിയായി ക്രമനമ്പർ 7ഉം 8 ഉം ആയ വാടകക്കാരിൽ നിന്നും ജി എസ് ടി ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള വാടകക്കാരിൽ നിന്നും നിയമാനുസൃത ജി എസ് ടി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 ജീപ്പ് ലേലം - കൃത്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചമൂലം ₹39000 യുടെ വരുമാനംനഷ്ടം

ആറളം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-13Q-7131 ജിപ്പ് കാലപഴക്കം കാരണവും എഞ്ചിൻ തകരാർ കാരണവും ഉപയോഗ ശൂന്യമായതിനെ തുടർന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ PWD മെക്കാനിക്കൽ ഡിവിഷൻ കണ്ണൂരിൽ നിന്നുള്ള 22-11-2016 ലെ ഡി.2-7131/പി. എൽ. നമ്പർ കത്തിന്റെയും Executive Engineer Mechanical Division, കോഴിക്കോടിന്റെ 06-01-2017 ലെ ഡി.ബി 253/16-17 ( U E) 7131 നമ്പർ സാക്ഷ്യപത്രത്തിന്റെയും മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ 3-2-2017 ലെ ജി.12662/17 നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 25-3-2017 തീയതിയിൽ ലേലം ചെയ്യുകയുണ്ടായി. ലേല ഡയറി പ്രകാരം 15 പേർ പ്രസ്തുത ലേലത്തിൽ പങ്കെടുത്തിട്ടുണ്ട്. ഇതിൽ 10 പേർ ലേലത്തിന്റെ വിവിധ ഘട്ടങ്ങളിൽ താഴെ പറയും പ്രകാരം തുക നൽകാൻ തയ്യാറായതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ലേലഡയറി സീരിയൽ നമ്പർ | ലേലത്തിൽ പങ്കെടുത്ത വ്യക്തിയുടെ പേര് | 25-3-2017 ലെ ലേലത്തിൽ ക്വാട്ട് ചെയ്ത ഏറ്റവും ഉയർന്ന നിരക്ക് ₹ |
|---|---|---|
| 1 | ജോസഫ് | 1,80,000 |
| 3 | ഷൈജു | 1,10,000 |
| 6 | സുധീഷ് കുമാര. എം. | 2,01,000 |
| 8 | കനകരാജൻ | 2,12,500 |
| 9 | തോമസ് സബാസ്റ്റ്യൻ | 2,00,000 |
| 10 | ഷിജിത്ത്. കെ | 2,14,000 |
| 11 | ജയദേവൻ.കെ.കെ | 85,000 |
| 12 | ജയിൻ ജോർജ്ജ് | 1,05,000 |
| 14 | അർഷൻ രാജു | 2,05,000 |
| 15 | മോഹനൻ, കരിമ്പനക്കൽ | 2,15,000 |

ഈ ലേലത്തിൽ ₹ 2,15,000 ക്വാട്ട് ചെയ്ത ശ്രീ. മോഹനൻ, കരിമ്പനക്കൽ ഹൗസ്, കൊട്ടിയൂർ (ലേലഡയറി സീരിയൽ നംമ്പർ 15 ) എന്നവർക്ക് ലേലം ഉറപ്പിച്ചു നൽകി. 25-3-2017 ലെ 55/2017 (2) ഭരണ സമിതി തീരുമാനപ്രകാരം ലേലനടപടി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 8-5-2017 ന് ഇതെ ഇനത്തിൽ പുനർലേലം നടത്തിയതായി കാണുന്നു. പ്രസ്തുത പുനർലേലത്തിന്റെ ലേല ഡയറി പ്രകാരം 7 പേർ പങ്കെടുക്കുകയുണ്ടായി. ഇവർ ലേലത്തിൽ ക്വാട്ട് ചെയ്ത തുക ചുവടെ കൊടുക്കുന്നു.

| ലേലഡയറി | ലേലത്തിൽ പങ്കെടുത്ത | 08-5-2017 ലെ ലേലത്തിൽ ക്വാട്ട് |
|---|---|---|

| സീരിയൽ നമ്പർ | വ്യക്തിയുടെ പേര് | ചെയ്ത ഏറ്റവും ഉയർന്ന നിരക്ക്. |
|---|---|---|
| 1 | മൻമദൻ. പി | 1,05,000 |
| 2 | കനകരാജൻ, പുതിയവീട്ടിൽ | 1,76,000 |
| 3 | സുധീഷ് കുമാർ. എം. | 1,65,000 |
| 4 | തോമസ് സബാസ്റ്റ്യൻ | 1,75,600 |
| 7 | സിയോ നരിക്കുന്നേൽ | 1,74,200 |

ഈ ലേലത്തിൽ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. കനകരാജൻ, പുതിയവീട്ടിൽ, ചമ്പാട് എന്ന വ്യക്ത ക്വാട്ട് ചെയ്ത ₹1,76,000 രൂപയുടെ ലേലം ഉറപ്പിക്കുകയും, പ്രസ്തുത ലേലനടപടി 08-05-2017ലെ 84/2017 തീരുമാനപ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് ലേലപ്രകാരമുള്ള ₹1,76,000 ശ്രീ. കനകരാജൻ, പുതിയവീട്ടിൽ, ചമ്പാട് എന്നവർ 8-05-2017 ന് 117030100443 രസീത് പ്രകാരം ഗ്രാമപഞ്ചായത്തിൽ ഒടുക്കുകയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ3-69/16 തീയതി, 10-05-2017 പ്രകാരം ജീപ്പ് വിട്ടുകൊടുക്കുകയും ചെയ്തു. 25-3-2017 ലെ ലേലം ലഭിച്ചവർ ലേലതുകയുടെ 50% ലേല ദിവസം തന്നെ ഒടുക്കണമെന്നും, ബാക്കി തുക പഞ്ചായത്ത് തീരുമാനപ്രകാരം ലേലം ഉറപ്പിച്ചശേഷം ഒടുക്കണം എന്നായിരുന്നു വ്യവസ്ഥ. എന്നാൽ ഈ വിധം ലേലതുകയുടെ 50% 25-3-2017 ൽ ലേലത്തിൽ അവകാശം ലഭിച്ച വ്യക്തി ഒടുക്കിയിട്ടില്ല. ഈ വ്യക്തി പിന്നീട് മരണപെടുകയുണ്ടായി. ഇതിനെ തുടർന്നാണ് പുനർലേലം നടത്തേണ്ടിവന്നത് എന്നാണ് ഓഡിറ്റിൽ വിശദീകരിക്കപ്പെട്ടത്. (ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 18-3-2019 മറുപടി )

വാഹനലേലം സംബന്ധിച്ച നടപടിക്രമങ്ങൾ അനുവർത്തിച്ച് ലേലം നടത്തിയെങ്കിലും കൃത്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ച മൂലം ഈ ലേല നടപടിയിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. 25-3-2017 ലെ ലേലത്തിൽ ₹2,15,000 യ്ക്ക് ലേലം ഉറപ്പിക്കുകയും ഭരണസമതി അംഗീകരിക്കുകയും ചെയ്തതിനുശേഷം ലേലകാരനിൽ നിന്നും യഥാസമയം ലേല തുക പിരിച്ചെടുക്കാൻ സാധിച്ചില്ല. പീന്നീട് 08-05-2017 ന് പുനർലേലം നടത്തി കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിക്കുകയാണ് ഉണ്ടായത് പ്രസ്തുത ലേലത്തിൽ ₹ 1,76,000 മാത്രമാണ് ലഭിച്ചത്. ഇതു പ്രകാരം ₹39,000 യുടെ നഷ്ടമാണ് ഉണ്ടായത്. (2,15,000-176000). 25-03-2017 ലെ ലേലത്തിൽ 2 ലക്ഷത്തിൽ കൂടുതൽ തുക ലേലം വിളിച്ച ഒന്നിലധികം പേർ ഉണ്ടായിരുന്നു. ലേല തുക ഒടുക്കുന്നതിൽ ലേലം ഉറപ്പിച്ച് കിട്ടിയ വ്യക്തിക്ക് സാധികാത്ത സാഹചര്യത്തിൽ ഈ വ്യക്തിയുടെ E M D തുക കണ്ടുകെട്ടി ലേലത്തിൽ രണ്ടാമത് ഉയർന്ന തുക വിളിച്ച വ്യക്തിയെ സമീപിക്കണമായിരുന്നു. ഈ വിധം ചെയ്യാതെ ആദ്യ ലേലം കഴിഞ്ഞ് രണ്ട് മാസം കഴിഞ്ഞാണ് പുനർലേലലം നടത്തിയത്. ഇതിലൂടെ കുറഞ്ഞ നിരക്ക് അംഗീകരിച്ചത് വഴി ഗ്രാമപഞ്ചായത്തിന് വരുമാനത്തിൽ നഷ്ടം സംഭവിക്കുകയുണ്ടായി. കൃത്യമായ നടപടിക്രമം പാലിക്കാതെ ഗ്രാമപഞ്ചായത്തിന് ലേലത്തിൽ നഷ്ടമുണ്ടായ ₹39000 ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## **2-7** ഇ-ടെണ്ടർ ഫീയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള **₹1,42,000** തിരികെ ലഭിക്കാനുള്ള നടപടി സ്വികരിക്കേണ്ടതാണ്.

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ 90 പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. ഇ-ടെണ്ടർ മുഖേനയുള്ള പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ ഫീയിനത്തിൽ ₹1,42,000 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണുള്ളത്. ഈ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. 2015-16 മുതലാണ് ഇ-ടെണ്ടർ സമ്പ്രദായം ആരംഭിച്ചത് ഇ-ടെണ്ടർ നടപടികളിലൂടെ നിർവ്വഹിച്ച പ്രവൃത്തികൾക്ക് ലഭിച്ച ടെണ്ടറുകളുടെ എണ്ണം, തുക എന്നിവ സംബന്ധിച്ചുള്ള വിവരം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. 2017-18 വർഷം വരെ ഈയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുക തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## **2-8** വളർത്തുനായകൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് എടുക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിൽ പേവിഷബാധ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി നായകൾക്ക് പ്രതിരോധ വാക്സിൻ നൽകുന്നതിന് പ്രോജക്റ്റ് നമ്പർ 111/18പ്രകാരം വികസന ഫണ്ടിൽ നിന്നും ₹21330 വെറ്ററിനറി സർജ്ജൻ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി വിവിധ വാർഡുകളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് നായകൾക്ക് വാക്സിനേഷൻ നടത്തുകയുണ്ടായി. പ്രോജക്ടിന്റെ ഫയലിൽ രേഖപ്പെടുത്തിയ വിവരങ്ങൾ അനുസരിച്ച് 413 നായകൾക്ക് വാക്സിനേഷൻ നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 3 (1) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസരണമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിശ്ചിത തീയതി മുതൽ പട്ടികളെയോ പന്നികളെയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലെന്ന് ഒരു പ്രമേയം മൂലം നിശ്ചിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ചട്ടത്തിലെ ചട്ടം 4(1) ൽ ലൈസൻസ് നൽകുന്നതിനെ സംബന്ധിച്ചും ചട്ടം 5(1) ൽ ഈ വിധം ലൈസൻസ് എടുത്തിട്ടില്ലെങ്കിലുള്ള ശിക്ഷാ വ്യവസ്ഥകൾ സംബന്ധിച്ചും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും 13 നായകൾക്ക് മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പ്രോജക്റ്റ് പ്രകാരം തന്നെ 413 വളർത്തുനായകൾ നിലവിലുണ്ട് എന്നത് വ്യക്തമാണ്. ഈ സാഹചര്യത്തിൽ എല്ലാ വളർത്തുനായകൾക്കും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

# **ഭാഗം-3**

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** സാക്ഷരതാമിഷൻ സമഗ്ര തുടർവിദ്യാഭ്യാസ പരിപാടി-കൈപ്പറ്റ് രശീതി വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല **₹63,350**യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. ഇടിവേലി എൽ.പി.സ്കൂൾ |

| | |
|---|---|
| പ്രോജക്ട് നമ്പർ | 198/18 |
| പ്രോജക്ടിന്റെ പേര് | സാക്ഷരതാമിഷൻ സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി |
| അടങ്കൽ | ₹ 3,00,000വികസന ഫണ്ട് |
| ചെലവ് | ₹ 63,350 ബിൽ നമ്പർ/തീയതി : 09/2017-18/ 19-03-2018 |

ആറളം ഗ്രാമ പഞ്ചായത്തിലെ സാക്ഷരതാ മിഷൻ തുടർ പഠിതാക്കൾക്ക് കോഴ്സ് ഫീ അനുവദിക്കുന്നതിന് വേണ്ടിയാണ് സമഗ്ര തുടർവിദ്യാഭ്യാസ പരിപാടി എന്ന മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇത് പ്രകാരം 15 പത്താംതരം പഠിതാക്കൾക്കുള്ള കോഴ്സ് ഫീ ₹ 29,600 യും 17 പ്ലസ് വൺ പഠിതാക്കൾക്കുള്ള ₹33,750 യും അടക്കം ആകെ ₹63,350 സാക്ഷരതാമിഷന് കൈമാറുന്നതിനായി 09/2017-18/19-03-2018 ബിൽ പ്രകാരം പിൻവലിച്ചിട്ടുണ്ട്. ഈ തുക സാക്ഷരതാമിഷന് കൈമാറിയതിന്റെ കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം കോഴ്സ് ഫീ അനുവദിച്ച മുഴുവൻ പഠിതാക്കളും പഠനം പൂർത്തിയാക്കി പരീക്ഷ എഴുതിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരവും സാക്ഷരതാമിഷനിൽ നിന്നും മേൽതുകയ്ക്കുള്ള കൈപ്പറ്റ് രശീതിയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. ആയത് സംബന്ധിച്ച് 16-3-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹ 63,350യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 എസ്.എസ്.എ. പദ്ധതിക്ക് മാച്ചിംഗ് ഗ്രാന്റ് നൽകൽ - എസ്.എസ്.എ പ്രവർത്തനങ്ങൾ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി | | |
|---|---|---|
| പ്രോജക്ട് നമ്പർ | 96/18 | 248/18 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ. പദ്ധതിക്ക് മാച്ചിംഗ് ഗ്രാന്റ് നൽകൽ | എസ്.എസ്.എ. പദ്ധതിക്ക് മാച്ചിംഗ് ഗ്രാന്റ് നൽകൽ |
| അടങ്കൽ | ₹ 16,00,000 വികസന ഫണ്ട് | ₹15,03,200 വികസന ഫണ്ട് |
| ചെലവ് | ₹ 16,00,000 | ₹15,03,200 |
| ബിൽ നമ്പർ | 6/17-18/25-7-2017 | 20/17-18/ 22-2-2018 |
| ആകെ ചെലവ് : ₹ 31,03,200 | | |

വിദ്യാഭ്യാസ മേഖലയിൽ എല്ലാ പദ്ധതി കാലയളവിലും നിർബന്ധിത വകയിരുത്തലിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്ന പ്രോജക്ടാണ് സർവ്വ ശിക്ഷാ അഭിയാൻ. 2017-18 കാലയളവിൽ ജനറൽവിഭാഗത്തിൽ രണ്ട് പ്രോജക്ടുകളിലായി ആകെ ₹ 31,03,200 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക വിനിയോഗിച്ച് വാർഷിക വർക്ക് പ്ലാനിൽ നിർദ്ദേശിച്ചതിൽ ഏതൊക്കെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയിട്ടുണ്ട് എന്ന് വ്യക്തമല്ല. സർക്കാർ ഉത്തരവ് ( എം.എസ്) നം. 72/2017/ത.സ്വഭവ. തിരുവനന്തപുരം, തീയതി, 29 /3/2017 പ്രകാരമുള്ള പതിമൂന്നാം പഞ്ചവൽസര പദ്ധതി ആദ്യ വാർഷിക പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12-9-(3) ൽ ഗ്രാമപഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും എസ്.എസ്.എ.പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തണമെന്നും എസ്.എസ്.എ പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ ഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് ഖണ്ഡിക 12-9 (1) ൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ വികസന പ്രോജക്ടുകൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് വേണം നിർവ്വഹണംനടത്തേണ്ടത് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ വിധം തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ചേർന്നുള്ള പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എസ്.എസ്.എ. തയ്യാറാക്കിയ വാർഷീക വർക്ക് പ്ലാൻ & ബഡ്ജറ്റ് പ്രകാരമുള്ള പ്രവർത്തന റിപ്പോർട്ട് മാത്രമാണ് ഇതു സംബന്ധിച്ച ലഭ്യമാക്കിയിട്ടുള്ളു. ആയതിനാൽ ഗ്രാമപഞ്ചായത്ത് ഷെയർ ഇനത്തിൽ ഒടുക്കിയ 31,03,200 വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ പരിശോധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുമായി ചേർന്നാണ് എസ്.എസ്.എ പദ്ധതികൾ തയ്യാറാക്കുന്നത് എന്ന് ഭാവിയിൽ ഉറപ്പുവരുത്തേണ്ടതാണ്. ഈ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കേണ്ടതും കൃത്യമായ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-3 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യം ഉറപ്പുവരുത്തേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | 93/18 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് 17-18 |
| അടങ്കൽ | ₹11,00,000 വികസന ഫണ്ട് |
| ചെലവ് | ₹ 11,00,000 |
| ബിൽ നമ്പർ/തീയതി | 10/2017-18/08-03-2018 |

ആറളം ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വേണ്ടിയുള്ളതാണ് മേൽ പ്രോജക്ട്. ഇതനുസരിച്ച് ആകെ 96 വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം ലഭ്യമാക്കിയത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ രേഖ (ജി.ഒ(എം.എസ്) നം 80/17 ത.സ്വ.ഭ.വ 03.04.17) പ്രകാരം മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ചുവടെ വിവരിക്കുന്ന സഹായങ്ങൾ നിശ്ചിതനിരക്ക് പ്രകാരം നൽകേണ്ടതാണ്.

| ക്രമ നമ്പർ | ഇനം | സ്കോളർഷിപ്പ്ബത്ത ₹ |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 1500 |
| 3 | പഠനസഹായികൾക്ക് / വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത(വാർഷികം) | 2000 |
| 4 | ഡേ സ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 1000 |
| 5 | ഉല്ലാസയാത്രാചെലവുകൾ, പഠനപര്യടനം മുതലായവയ്ക്ക് -രക്ഷിതാക്കളിൽ ഒരാൾ ഉൾപ്പെടെ | 1000 |

മേൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ 96 പേരിൽ 49 പേരും മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ ആണ്. ഇവർക്ക് പ്രതിമാസ സ്കോളർഷിപ്പ് (1000x12)+1000=₹13,000 മാത്രമാണ് ലഭ്യമാക്കിയത്. ജി.ഒ(എം.എസ്)നമ്പർ 72/17/ത.സ്വ.ഭ.വ /29-03-17 ഖണ്ഡിക 5.4പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടിന്റെ അടങ്കൽ തുകയെകുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തേണ്ടതാണ്. സമൂഹത്തിലെ അവശതയനുഭവിക്കുന്ന മേൽ വിഭാഗത്തിൽപെട്ടവർക്ക് അർഹമായ ആനുകൂല്യം ലഭ്യമാകുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പു വരുത്തേണ്ടതാണ്. ആയതിന് കൂടി ഫണ്ട് വകയിരുത്തി പദ്ധതി തയ്യാറാക്കേണ്ടതാണ്.

## 3-4 കുട്ടികൾക്ക് യോഗപരിശീലനം -ചെലവ് രേഖകൾ അപൂർണ്ണം ₹ 1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.ഇടിവേലി എൽ.പി.സ്കൂൾ |
| പ്രോജക്ട് നമ്പർ | 205/18 |
| പ്രോജക്ടിന്റെ പേര് | കുട്ടികൾക്ക് യോഗപരിശീലനം |

| | |
|---|---|
| അടങ്കൽ | ₹1, 00,000 തനത് ഫണ്ട് |
| ചെലവ് | ₹ 1,00,000 (സുലേഖ – ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം) |

ആറളം ഗ്രാമപഞ്ചായത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി അവർക്ക് യോഗപരിശീലനം നൽകുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയത്. പദ്ധതി പ്രകാരം 5 യു.പി. സ്കൂളിലെ കുട്ടികൾക്ക് നവംബർ മുതൽ ഫെബ്രുവരി മാസങ്ങളിലായി ആകെ 132 യോഗക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികളെ യോഗ പഠിപ്പിക്കുന്നതിനായി 2 അദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട്. 3-10-17ലെ സ.ഉ.(സാധാ) നമ്പർ 3190/2017/ത.സ്വ.ഭ.വ പ്രകാരം അംഗീകൃത സർവ്വകലാശാലയിൽ നിന്ന് BNYSബിരുദമോ തത്തുല്യമായ മറ്റ് ബിരുദമോ ഉള്ളവരേയോ യോഗ അസോസിയേഷനും കേരള സ്പോർട്സ് കൗൺസിലും അംഗീകരിച്ച യോഗ്യത ഉള്ളവരേയോ ആണ് യോഗപരിശീലകരായി നിയമിക്കാവുന്നത്. കുട്ടികൾക്ക് യോഗപരിശീലനം എന്ന മേൽ പദ്ധതി പ്രകാരം യോഗ പരിശീലിപ്പിച്ച ശ്രീനിവാസൻ. പി, ഉദയ. എം. ആർ. എന്നിവരെ യോഗപരിശീലകരായി നിയമിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. സുലേഖ – ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ₹1,00,000 ചെലവഴിച്ചതായി പറയുന്നുണ്ടെങ്കിലും പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും തുക പിൻവലിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. യോഗ ക്ലാസ് എക്സ്പെൻസസ് എന്ന പേരിൽ ശ്രീ. ശ്രീനിവാസൻ തയ്യാറാക്കി സമർപ്പിച്ച ₹1,50,035 ന്റെ ചെലവ് പത്രികയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അഡ്മിറ്റഡ് & പെയ്ഡ് ₹1,00,000 എന്നെഴുതി ഒപ്പ് വച്ചത് മാത്രമാണ് ഇത് സംബന്ധിച്ച ആധികാരിക ചെലവ് രേഖ. 3-10-17ലെ സ.ഉ.(സാധാ) നമ്പർ 3190/2017/ത.സ്വ.ഭ.വ പ്രകാരം പരിശീലകർക്ക് പ്രതിദിനം ₹400 ക്രമത്തിൽ പ്രതിമാസം പരമാവധി ₹12,000 ഓണറേറിയം നൽകുന്നതിന് മാത്രമാണ് അനുമതിയുള്ളത്. ഫയലിൽ സൂക്ഷിച്ച ചെലവ് പത്രികയിൽനിന്നും ഏതൊക്കെയിനങ്ങൾക്കായാണ് തുക അനുവദിച്ചതെന്ന് വ്യക്തമാകുന്നില്ല. പ്രസ്തുത പത്രികയിൽ ₹18,000 ആറളം വന്യജീവി സങ്കേതത്തിൽ ക്യാമ്പ് നടത്തുന്നതിനായി ചെലവഴിച്ചതായി കാണുന്നു. ഇത് സംബന്ധിച്ചും വ്യക്തത ഇല്ല. പദ്ധതി മാർഗ്ഗരേഖ മാനദണ്ഡങ്ങൾ പ്രകാരം ക്യാമ്പ് അനുവദനീയമല്ല. പരിശീലനം നടത്തിയ 3 മാസങ്ങളിലും പരിശീലകർക്ക് TA ഇനത്തിലും DA ഇനത്തിലും തുക നൽകിയതായി കാണുന്നു. പദ്ധതിച്ചെലവ് എത്രയെന്ന് വ്യക്തമായി ഇനം തിരിച്ച് ലഭ്യമാക്കേണ്ടതാണ്. കൂടാതെ പദ്ധതി മാർഗ്ഗരേഖ മാനദണ്ഡങ്ങൾ പ്രകാരം ആയുഷുമായി സഹകരിച്ച് യോഗപരിശിലന പദ്ധതി നടപ്പാക്കിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച് 16-03-19ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 22 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹ 1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 ഉപരിപഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - ആവശ്യമായ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല; ₹89,850യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. ഇടിവേലി എൽ.പി.സ്കൂൾ |

| | |
|---|---|
| പ്രോജക്ട് നമ്പർ | 139/18 |
| പ്രോജക്ടിന്റെ പേര് | ഉപരിപഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം |
| അടങ്കൽ | ₹ 90,000 വികസന ഫണ്ട് TSP |
| ചെലവ് | ₹89,850 ബിൽ നമ്പർ/തീയതി : 07/2017-18/27-02-2018 |

ആറളം ഗ്രാമപഞ്ചായത്തിലെ ഉപരിപഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിന് വേണ്ടിയാണ് മേൽ പദ്ധതി തയ്യാറാക്കിയത്. ഇത് പ്രകാരം അജേഷ്. പി, ഷിന പി.ടി, രാഹുൽ. പി. എന്നീ മൂന്ന് വിദ്യാർത്ഥികൾക്കാണ് കംപ്യൂനെറ്റ് സിസ്റ്റംസ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും ലാപ്പ്ടോപ്പ് വാങ്ങി വിതരണം ചെയ്തത്. പ്രോജക്ട് നടപ്പാക്കിയതുമായി ബന്ധപ്പെട്ടുള്ള അപാകതകൾ താഴെ കൊടുക്കുന്നു.

1. മേൽ ഗുണഭോക്താക്കൾ പട്ടികവർഗ്ഗത്തിൽപെട്ടവരാണെന്ന് തെളിയിക്കുന്ന രേഖകളില്ല.
2. ഗുണഭോക്താക്കൾ അർഹതയുള്ള വിദ്യാർത്ഥികളാണെന്ന് തെളിയിക്കുന്നതിന് പഠിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രമില്ല.
3. കംപ്യൂട്ടർ വിതരണം ചെയ്ത സ്ഥാപനത്തിന്റെ കാഷ് ബിൽ ഇല്ല.
4. കംപ്യൂട്ടർ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖയില്ല.
5. മേൽ ഗുണഭോക്താക്കൾക്ക് പട്ടികവർഗ്ഗവകുപ്പിൽ നിന്ന് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.21/16-3-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽകാണിച്ച അപാകങ്ങൾ കാരണം ₹89,850യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ഉപരിപഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ;അപാകങ്ങൾ- ₹29,950 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. ഇടിവേലി എൽ.പി.സ്കൂൾ |
| പ്രോജക്ട് നമ്പർ | 184/18 |
| പ്രോജക്ടിന്റെ പേര് | ഉപരിപഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം |
| അടങ്കൽ | ₹ 60,000 വികസന ഫണ്ട് എസ്.സി.പി |

| | |
|---|---|
| ചെലവ് | ₹59,900 |
| ബിൽ നമ്പർ | 6/2017-18/27-02-2018 |

ആറളം ഗ്രാമ പഞ്ചായത്തിലെ ഉപരിപഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിന് വേണ്ടിയാണ് മേൽ പദ്ധതി തയ്യാറാക്കിയത്. ഇത് പ്രകാരം സാന്ദ്ര. വി.എസ്, അഞ്ജലി പി.വി എന്നീ രണ്ട് വിദ്യാർത്ഥിനികൾക്കാണ് കംപ്യൂനെറ്റ് സിസ്റ്റംസ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും ലാപ് ടോപ്പ് വാങ്ങി വിതരണം ചെയ്തത്. ഇവരിൽ സാന്ദ്ര വി.എസ് എന്ന പെൺകുട്ടി ആനുകൂല്യത്തിന് അർഹതയുള്ള വിദ്യാർത്ഥിയാണെന്നുള്ളതിന് തെളിവായി പഠിക്കുന്ന സ്ഥാപന മേധാവി നൽകുന്ന സാക്ഷ്യപത്രവും മേൽ ഗുണഭോക്താവിന് പട്ടികജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് 16-3-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 24ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ആവശ്യമായ രേഖകളുടെ അഭാവത്തിൽ പ്രസ്തുത വിദ്യാർത്ഥിനിക്ക് ലാപ്ടോപ്പിന് ചെലവഴിച്ച ₹29950 തടസ്സപ്പെടുത്തുന്നു.

## 3-7 പാത്രങ്ങൾ സ്റ്റോക്കിലെടുക്കാത്തത് - ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. ഇടിവേലി എൽ.പി.സ്കൂൾ |
| പ്രോജക്ട് നമ്പർ | 80/18 |
| പ്രോജക്ടിന്റെ പേര് | ഇടവേലി ഗവ.എൽ .പി.സ്കൂളിന് പാത്രങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹ 1,00,000റോഡിതരസംരക്ഷണ ഗ്രാന്റ് |
| ചെലവ് | ₹1,00,000 |
| ബിൽ നമ്പർ | 1/2017-18/28-07-2017 |

ആറളം ഗ്രാമപഞ്ചായത്തിലെ ഇടവേലി ഗവ.എൽ .പി.സ്കൂളിന് പാത്രങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം ₹1,00,000 യുടെ പാത്രങ്ങൾ ഫിഡ്കോ എന്റർപ്രൈസസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇത് പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും പർച്ചേസിംഗ് കമ്മിറ്റി മിനിട്സും ഭരണസമിതി തീരുമാനവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് 6-3-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 25ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന മരുന്ന് വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ഓഡിറ്റ് തീയ്യതിവരെ ലഭ്യമായിട്ടില്ല. വിശദവിവരം താഴെകൊടുക്കുന്നു.

1. വൃദ്ധജന ആരോഗ്യ പരിപാലനം

പ്രോജക്ട് നമ്പർ : 114/18

പ്രോജക്ടിന്റെ പേര് : വൃദ്ധജന ആരോഗ്യ പരിപാലനം

അടങ്കൽ : ₹2,00,000 വികസന ഫണ്ട്

ചെലവ് തുക : ₹1,40,000 ബിൽ നമ്പർ : 20/17-18/26-03-2018

വൃദ്ധജന ആരോഗ്യ പരിപാലനം എന്ന പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹1,40,000 KMSCL ന് നൽകിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടത് പ്രകാരം ആകെ ₹99,579യുടെ മരുന്നുകൾ 6 തവണകളായാണ് ലഭ്യമാക്കിയിട്ടുള്ളത്. ₹40,421ന്റെ മരുന്നുകൾ ഇതുവരെയായും ലഭിച്ചിട്ടില്ല. ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2. ഭിന്നശേഷിക്കാരായ മാനസികവെല്ലുവിളി നേരിടുന്നവർക്ക് മരുന്നുവാങ്ങൽ

പ്രോജക്ട് നമ്പർ : 249/18

പ്രോജക്ടിന്റെ പേര് : ഭിന്നശേഷിക്കാരായ മാനസികവെല്ലുവിളി നേരിടുന്നവർക്ക് മരുന്നുവാങ്ങൽ

അടങ്കൽ : ₹1,56,700 വികസന ഫണ്ട്

ചെലവ് തുക : ₹1,50,000 ബിൽ നമ്പർ : 21/17-18/26-03-2018

ഭിന്നശേഷിക്കാരായ മാനസികവെല്ലുവിളി നേരിടുന്നവർക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹1,50,000 KMSCL ന് നൽകിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടത് പ്രകാരം ആകെ ₹86,928യുടെ മരുന്നുകൾ 6 തവണകളായാണ് ലഭ്യമാക്കിയിട്ടുള്ളത്. ₹63,072ന്റെ മരുന്നുകൾ ഇതുവരെയായും ലഭിച്ചിട്ടില്ല. ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## **3-9** വനിതകളായ ക്ഷീരകർഷകർക്ക് ഉല്പാദന ബോണസ് - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.

| നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി ഫാം ഇൻസ്ട്രക്ടർ | | |
|---|---|---|
| പ്രോജക്ട് നമ്പർ | 218/18 | 221/18 |
| പ്രോജക്ടിന്റെ പേര് | വനിതകളായ ക്ഷീരകർഷകർക്ക് ഉല്പാദന ബോണസ് | വനിതകളായ ക്ഷീരകർഷകർക്ക് ഉല്പാദന ബോണസ് |

| | | |
|---|---|---|
| അടങ്കൽ | ₹ 13,00,000 | ₹ 1,00,000 |
| ചെലവ് | ₹ 13,00,000 | ₹ 1,00,000 |
| ബിൽ നമ്പർ/ തീയതി | 2/17-18 /28-2-2018 | 1/17-18/12-2-2018 |

ആറളം ഗ്രാമ പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിപ്രകാരം പഞ്ചായത്തിലെ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് ₹3 നിരക്കിൽ സബ്സിഡി അനുവദിക്കുന്നതിനാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത പ്രോജക്ടുകൾക്കായി ആകെ 2017-18 വർഷത്തിൽ ₹ 14,00,000 ചെലവഴിച്ചിട്ടുണ്ട്. കീഴ്പ്പള്ളി, ചെടിക്കുളം, എട്ടൂർ, എന്നി ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നകർഷകർക്കാണ് ഈയിനത്തിൽ ആനുകൂല്യം നൽകിയിട്ടുള്ളത്. വിശദവിവരം ചുവടെകൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | ക്ഷീര സംഘത്തിന്റെ പേര് | അക്കൗണ്ട് നമ്പർ | കൈപ്പറ്റിയ തുക |
|---|---|---|---|
| 221/18 | കീഴ്പ്പള്ളി | 40450100001217 | 60,000 |
| | ചെടിക്കുളം | 67082926039 | 30000 |
| | എട്ടൂർ | 40426100001312 | 10,000 |
| 218 /18 | കീഴ്പ്പള്ളി | 40450100001217 | 5,98,200 |
| | ചെടിക്കുളം | 67082926039 | 4,29,723 |
| | എട്ടൂർ | 40426100001312 | 2,72077 |
| | | ആകെ | ₹14,00,000 |

ക്ഷീരസംഘങ്ങളിൽ നിന്നും പാൽ അളക്കുന്ന കർഷകരുടെ ലിസ്റ്റ് അടിസ്ഥാനമാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തിരം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി തുക നിക്ഷേപിക്കുകയാണ് ചെയ്യേണ്ടത്. എന്നാൽ സബ്സിഡി തുക ക്ഷീര സംഘങ്ങൾക്ക് കൈമാറി അവർ ക്ഷീരകർഷകർക്ക് നൽകുന്ന വിധത്തിലാണ് പ്രോജക്ട് നിർവ്വഹണം നടപ്പിലാക്കിയിട്ടുള്ളത്. ക്ഷീര സംഘങ്ങൾ കർഷകരുടെ അക്കൗണ്ടിലേക്ക് ബാങ്ക് വഴി തുക നിക്ഷേപിച്ചതായ രേഖകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും,പദ്ധതികൾ സർക്കാർ ഉത്തരവുകളിൽ നിർദ്ദേശിച്ച പ്രകാരം തന്നെ നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിധം ഭാവിയിൽ നിർവ്വഹണം നടത്തുന്നതാണെന്ന് ക്ഷീര വികസന ഓഫീസർ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള

മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

## 3-10 തെരുവുവിളക്കുകൾ ഗുണമേന്മ പരിശോധന നടത്തിയില്ല- ഗ്യാരണ്ടികാലയളവിൽ റിപ്പയർ ചെയ്തില്ല. കരാർ തുകയിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല ₹ 1,92,990 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 105/18

പ്രോജക്ടിന്റെ പേര് : തെരുവുവിളക്ക് പുനസ്ഥാപിക്കൽ

അടങ്കൽ : ₹ 2,49,000 വികസന ഫണ്ട്

ചെലവ് : ₹ 1,92,990 ബിൽ നമ്പർ : 27/17-18/6-3-2018

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആറളം ഫാമിലെ ബ്ലോക്ക് നമ്പർ 7, 9, 10, 11, 12 എന്നീ മേഖലകളിൽ 100 എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് ഈ പ്രോജക്ട് വിഭാവനം ചെയ്തത്. ഇതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ Alumina Electronic, kakkadupoyil, Malappuram എന്ന ഏജൻസിയ്ക്കാണ് കരാർ ലഭിച്ചിട്ടുള്ളത്. (ഭരണ സമിതി അംഗീകാരം നം. 199/17 തീയതി, 8-11-2017 ). കരാർ പ്രകാരം നികുതികൾ ഉൾപ്പെടെ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| ഇൻവോയ്സ് നമ്പർ | വിളക്കുകളുടെ തരം | എണ്ണം | കരാറുകാരന് നൽകിയ തുക |
|---|---|---|---|
| 17/ 22-2-2017 | എൽ.ഇ.ഡി | 100 | ₹1,92,990 ( Rate-₹1723.20, CGST-₹10335, SGST-₹ 10335) |

കരാർ എടുത്ത ഏജൻസി വിളക്കുകൾ സ്ഥാപിച്ചതായുള്ള സാക്ഷ്യപത്രം ഫയലിൽ ഹാജരാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി യിൽ നിന്നുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 10-1-2019 തീയതിയിൽ നമ്പർ എ1/1717/17 പ്രകാരം Alumina Electronic, kakkadupoyil, Malappuram എന്നവർക്ക് എഴുതിയ കത്തിൽ പ്രസ്തുത സ്ഥാപനം ആറളം ഫാമിലെ ബ്ലോക്ക് നമ്പർ 7,9,10,11,12 സ്ഥാപിച്ചിട്ടുള്ള എൽ. ഇ.ഡി വിളക്കുകൾ മിക്കവയും കത്തുന്നില്ലെന്ന് പരാതിപ്പെട്ടിട്ടുണ്ട്. ടെണ്ടർ വ്യവസ്ഥ പ്രകാരം ഏജൻസി സ്ഥാപിച്ച വിളക്കുകൾക്ക് 2 വർഷത്തെ വാറണ്ടിയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേടായ വിളക്കുകൾ പ്രവർത്തനക്ഷമമാക്കേണ്ടത് സ്ഥാപനത്തിന്റെ നിയമപരമായ ബാദ്ധ്യതയാണ്. ഇതു പ്രകാരം കേടായ വിളക്കുകൾ പ്രസ്തുത സ്ഥാപനം ഇതുവരെ റിപ്പയർ ചെയ്ത് നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ വിളക്കുകൾ റിപ്പയർ ചെയ്തു തരാമെന്ന് സ്ഥാപനം അറിയിച്ചതായി അറിയിച്ചിട്ടുണ്ട്. ഇത്തരം പ്രോജക്ടുകളിൽ എൽ.ഇ.ഡി വിളക്കുകൾ സപ്ലൈ ചെയ്യുന്നതിനുള്ള ക്വട്ടേഷനിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തു എന്ന പരിഗണനയെ

അടിസ്ഥാനമാക്കി മാത്രമാണ് കരാറുകാരനെ തെരഞ്ഞെടുക്കുന്നത്. എന്നാൽ ഈ വിധം നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളിൽ നിന്നുമുള്ള വിളക്കുകളുടെ സാമ്പിൾ കരാറുകാരന്റെ സ്വന്തം ചെലവിൽ ഗുണമേന്മാപരിശോധനയ്ക്ക് വിധേയമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ കൂടിയാവണം കരാറുകാരെ നിശ്ചയിക്കാൻ. ഈ വിധം സാമ്പിൾ പരിശോധന നടത്തിയിട്ടില്ല. കരാറുകാരന് നൽകിയ പ്രതിഫലതുകയായ ₹1,92,990 യിൽ നിന്നും 2% ആദായ നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത തുക ഈടാക്കി ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്, കേടായ വിളക്കുകൾ റിപ്പയർ ചെയ്തത് സംബന്ധിച്ച റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ കാരണം 1,92,990 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 തെരുവുവിളക്ക് സ്ട്രീറ്റ് ലൈനിനു വേണ്ടി പുതിയ ലൈൻ സ്ഥാപിക്കൽ ഒന്നാം ഘട്ടം-പ്രവൃത്തി സത്വരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 104/18

പ്രോജക്റ്റിന്റെ പേര് : തെരുവുവിളക്ക് സ്ട്രീറ്റ് ലൈനിനു വേണ്ടി പുതിയ ലൈൻ സ്ഥാപിക്കൽ ഒന്നാം ഘട്ടം

അടങ്കൽ : ₹ 21,59,794 വികസന ഫണ്ട്

ചെലവ് : ₹ 21,59,794 ബിൽ നമ്പർ : 18/17-18/30-1-2018

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പുതുതായി തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് ലൈൻ വലിച്ച് മീറ്റർ സ്ഥാപിക്കുന്നതിന് വേണ്ടിയാണ് ഈ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. എടൂർ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നുള്ള എസ്റ്റിമേറ്റ് പ്രകാരം 19200 മീറ്റർ ലൈനും, 49 സ്ട്രീറ്റ് മീറ്ററുമാണ് ഈ പ്രോജക്ടിന്റെ ഭാഗമായി കെ.എസ്.ഇ.ബി നിർവ്വഹിക്കേണ്ട പ്രവൃത്തി. ഇതിനായുള്ള എസ്റ്റിമേറ്റ് പ്രകാരം കെ.എസ്.ഇ.ബി ആവശ്യപ്പെട്ട തുകയാണ് ₹ 21,59,794. പ്രസ്തുത തുക 30-01-2018 തീയതിയിൽ എടൂർ എസ്.ബി ഐ യിലെ കെ.എസ്.ഇ.ബി യുടെ അക്കൗണ്ട് നം. 57048604085 ൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കെ.എസ്.ഇ.ബി യുമായി 1-2-2018 തീയതിയിൽ എഗ്രിമെന്റിലും ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനുള്ള മറുപടിയിൽ ലൈൻ വലിക്കൽ പൂർത്തികരിച്ചതായും, കിയോസ്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നതായും അറിയിച്ചിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഇടപെടലുകൾ ഗ്രാമ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്. പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-12 വരൾച്ചാ ദുരിതാശ്വാസം കുടിവെള്ള വിതരണം- ചെലവ് രേഖകൾ അപൂർണ്ണം- ₹2,60,557 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ആറളം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ₹2,60,557 വൗച്ചർ നമ്പർ 21700344/29-06-2017 പ്രകാരം സെക്രട്ടറി ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള വിതരണം നടത്തുന്നതിന് ടെണ്ടർ പ്രകാരമാണ് കരാർ നൽകിയിട്ടുള്ളത്. ലഭിച്ച ടെണ്ടറിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ. പ്രശാന്ത്. സി, പത്മാലയം, പാല എന്നവരുടെ കിലോമീറ്ററിന് ₹80 നിരക്കിലുള്ള ടെണ്ടറാണ് ഭരണ സമിതി തീരുമാനം. 81/17 (14) പ്രകാരം അംഗീകരിച്ചിട്ടുള്ളത്. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട കരാറുകാരന് നൽകിയ വർക്ക് ഓർഡറിൽ (എ3/`1516/2017 തീയതി, 05-05-2017 ) കരാറുകാരൻ ഒരു വാഹനത്തിൽ ഒരു ട്രിപ്പിൽ 5000 ലിറ്റർ എന്ന തോതിൽ ശുദ്ധജലം വാട്ടർ അതോറിറ്റി സ്രോതസ്സിൽ നിന്ന് ശേഖരിച്ച് വിതരണം ചെയ്യേണ്ടതാണ് എന്നും, ട്രിപ്പ് ഷീറ്റുകൾ, വാട്ടർ അതോറിറ്റി ഫില്ലിംഗ് സ്റ്റേഷനിൽ നിന്ന് ഓരോ വാഹനത്തിനും അനുവദിച്ച കുടിവെള്ളത്തിന്റെ അളവ് കാണിക്കുന്ന പട്ടിക എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് വാർഡ് മെമ്പർ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ വാടക അനുവദിക്കുകയുള്ളൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫയലിൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം കരാറുകാരൻ ക്വാട്ട് ചെയ്ത ₹80 നിരക്ക് ₹75 യായി കുറച്ചിട്ടുണ്ട്. ഇതുപ്രകാരം കുടിവെള്ള വിതരണം ചെയ്തതിന് ആകെ ₹2,65,875 (3545x75=2,65,875 ) കണക്കാക്കുകയും ഈ തുകയിൽ ₹2,60,557 കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. മേൽ പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് താഴെപറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. വാർഡുകളിലെ കുടിവെള്ളവിതരണത്തിനായി വാട്ടർ അതോറിറ്റി ഫില്ലിംഗ് സ്റ്റേഷനിൽ നിന്നും ലഭിച്ച വെള്ളത്തിന്റെ അളവ് പത്രിക.
2. കുടിവെള്ള വിതരണം നടത്തിയ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്.

മേൽ വിഷയം സംബന്ധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (9/16-03-2019) ആവശ്യമായ രേഖകൾ കണ്ടെത്തി ഓഡിറ്റ് മുമ്പാകെ ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ഈയിനത്തിലുള്ള ₹2,60,557 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കരാറുകാരന് നൽകിയ പ്രതിഫലതുകയിൽ നിന്നും ആദായനികുതി വിഹിതവും ഈടാക്കേണ്ടതാണ്.

## 3-13 <u>തൊഴിൽരഹിതവേതനം അനർഹരെ ഒഴിവാക്കേണ്ടതാണ്</u>

ആറളം ഗ്രാമപഞ്ചായത്തിൽ നിന്നും 2017-18 വർഷത്തിൽ 29 ഗുണഭോക്താക്കൾ തൊഴിൽ രഹിത വേതനം കൈപ്പറ്റിവരുന്നുണ്ട്. ജി.ഒ.(പി) 23/98/തൊഴിൽ തീയതി, 28-5-1998 പ്രകാരം പ്രതിവർഷ വരുമാനം 12000 രൂപയിൽ അധികരിച്ചാൽ തൊഴിൽ രഹിത വേതനത്തിന് അർഹതയില്ല. നിലവിൽ തൊഴിൽചെയ്യാൻ സന്നദ്ധരായ എല്ലാവർക്കും തൊഴിൽ ലഭ്യമാക്കാനുതകുന്ന വിധത്തിൽ തൊഴിലുറപ്പ് പദ്ധതിയടക്കമുള്ള നിരവധി പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നുണ്ട്. ജോലിചെയ്യാൻ മറ്റുവിധത്തിൽ അവശതയുള്ള ജനവിഭാഗങ്ങൾക്ക് മറ്റ് ആനുകൂല്യങ്ങളും, അംഗപരിമിതർക്ക് അവർക്കർഹമായ പെൻഷനും ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ തൊഴിൽ രഹിത വേതനം കൈപ്പറ്റിവരുന്ന ഗുണഭോക്താകളുടെ വേതനത്തിനുള്ള അർഹത വ്യക്തമായി പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ രഹിത വേതനം അനുവദിക്കലും വിതരണവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സാമൂഹ്യ സുരക്ഷ വിഷയ ഘടകങ്ങളിലെ ചുമതലകളിൽപെടുന്നു. ഇതിന്റെ ഭാഗമായി തൊഴിൽ രഹിതരായ വ്യക്തികൾക്ക് വേതനം നൽകുന്ന സ്കീമുകളെ കുറിച്ചുള്ള

അവബോധം സൃഷ്ടിക്കുക, അപേക്ഷകൾ ക്ഷണിക്കുക, മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ചുരുക്കപട്ടിക തയ്യാറാക്കുക, ഒരു തൊഴിലും ലഭ്യമായിട്ടില്ലാത്ത അപേക്ഷകരെയും, പഞ്ചായത്ത് നടപ്പാക്കുന്ന ഒരു സ്കീമിന്റെയും ആനുകൂല്യം ലഭിക്കാത്തവരെയും കണ്ടെത്തുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 ഷ്രേഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡ് ടാറിംഗ് പ്രവൃത്തികൾ നടപ്പാക്കിയില്ല

ചീഫ് എഞ്ചിനിയറുടെ ഡി.ബി.3/4620/12 സി.ഇ, ത.സ്വ.ഭ.വ തീയതി, 18-5-2016 സർക്കുലർ നിർദ്ദേശപ്രകാരവും, സ.ഉ ( സാധാ) നം.3119/2016 ത.സ്വഭ.വ തീയതി, 17-11-16 ഉത്തരവിലെ നിർദ്ദേശപ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾകുള്ള ആകെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ 10% മാറ്റിവെച്ച് ഷ്രേഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാർചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. അനുദിനം വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക്ക് വേസ്റ്റിന്റെ ഫലപ്രദമായ പുനരുപയോഗം കൂടി ഇതുമൂലം ലക്ഷ്യമിടുന്നുണ്ട്. ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്ലാസ്റ്റിക്ക് ശേഖരിച്ച് ഷ്രേഡ്ഡഡ് പ്ലാസ്റ്റിക്ക് യുണിറ്റുകളാക്കി റോഡ് പ്രവൃത്തികൾക്ക് ഉപയാഗിച്ചുവരുന്നുണ്ട്. കൂടുതൽ ഈടുനിൽക്കുന്നതോടൊപ്പം മാലിന്യ സംസ്കരണമെന്ന ലക്ഷ്യം നേടുന്നതിനും ഇതുമൂലം സാധിക്കുന്നതാണ്. എന്നാൽ 2017-18 വർഷത്തിൽ നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തിയിൽ ഷ്രേഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടില്ല. ഇതു സംബന്ധിച്ച പ്രോജക്ടുകളൊന്നും തയ്യാറാക്കിയിട്ടുമില്ല. ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെ ഭാഗമായി ഓരോ വീടുകളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നുണ്ട്. ഇവ ഷ്രേഡ്ഡഡ് പ്ലാസ്റ്റിക്കുകളാക്കി മാറ്റി റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിനുള്ള. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 3-15 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ വിവിധ നിർമ്മാണ പ്രവൃത്തികൾ–അപാകങ്ങൾ– ₹1807656 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

താഴെപ്പറയുന്ന വിവിധ നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. റോഡ് ടാറിംഗ് പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിൻ ഗ്രാമ പഞ്ചായത്ത് ഗുണഭോക്തൃ സമിതിക്ക് വാങ്ങിനൽകിയിട്ടുണ്ട്. എന്നാൽ അതാത് പ്രവൃത്തികളുടെ ചെലവുകൾ സംബന്ധിച്ചുള്ള വൗച്ചറുകളും ഗുണഭോക്തൃ സമിതി യോഗം ചേർന്നതിന്റെ മിനുട്സും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

1. മാങ്ങോട് ഓടക്കരി റോഡ് പാച്ച് വർക്കും പൈപ്പ് കൾവർട്ട് നിർമ്മാണവും - ₹2,85,168 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്റ്റ് നമ്പർ : 15/18

പ്രോജക്റ്റിന്റെ പേര് : മാങ്ങോട് ഓടക്കരി റോഡ് പാച്ച് വർക്കും പൈപ്പ് കൾവർട്ട് നിർമ്മാണവും

അടങ്കൽ : ₹2,93,988 മെയിന്റനൻസ് ഫണ്ട് റോഡ്

ചെലവ് തുക : ₹2,85,168 ബിൽ നമ്പർ : 3/17-18/24-6-2017

കൺവീനർ : മാത്യൂ. എസ്. കെ

അളവ് പുസ്തകം : 14/16-17 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മാങ്ങോട് ഓടക്കരി റോഡ് പാച്ച് വർക്കും പൈപ്പ് കൾവർട്ട് നിർമ്മാണവും എന്ന മേൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2017-18 ൽ ₹2,85,168 ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്കായി കൺവീനർ തുക ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള ചെലവ് കണക്കുകളോ വൗച്ചറുകളോ ഗുണഭോക്തൃ സമിതിയുടെ മിനുട്സോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹2,85,168 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. പുളിഞ്ചോട് അച്ചിത്തോട് റോഡ് ടാറിംഗ് - ₹3,32,604 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്റ്റ് നമ്പർ : 8/18

പ്രോജക്റ്റിന്റെ പേര് : പുളിഞ്ചോട് അച്ചിത്തോട് റോഡ് ടാറിംഗ്

അടങ്കൽ : ₹ 3,34,932 ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ് തുക : ₹ 3,32,604 ബിൽ നമ്പർ : 5/17-18/24-6-2017

കൺവീനർ : തോമസ്. ടി.കെ

അളവ് പുസ്തകം : 25/16-17 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പുളിഞ്ചോട് അച്ചിത്തോട് റോഡ് ടാറിംഗ് എന്ന മേൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ₹332604 ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്കായി കൺവീനർ തുക ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള ചെലവ് കണക്കുകളോ വൗച്ചറുകളോ ഗുണഭോക്തൃ സമിതിയുടെ മിനുട്സോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹3,32,604 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. ചതിരൂർ പരിപ്പ്തോട് റോഡ് പാച്ച് വർക്ക് - ₹236485 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്റ്റ് നമ്പർ : 17/18

പ്രോജക്റ്റിന്റെ പേര് : ചതിരൂർ പരിപ്പ്തോട് റോഡ് പാച്ച് വർക്ക്

അടങ്കൽ : ₹ 2,43,988 മെയിന്റനൻസ് ഫണ്ട് റോഡ്

ചെലവ് തുക : ₹ 236485 ബിൽ നമ്പർ : 11/17-18/29-6-2017

കൺവീനർ : ജോർജ്. എം.പി.

അളവ് പുസ്തകം : 18/16-17 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ ചതിരൂർ പരിപ്പ്തോട്

റോഡ് പാച്ച് വർക്ക് എന്ന മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2017-18 ൽ ₹236485 ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്കായി കൺവീനർ തുക ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള ചെലവ് കണക്കുകളോ വൗച്ചറുകളോ ഗുണഭോക്തൃ സമിതിയുടെ മിനുട്സോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹236485 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

4. പുല്ലുമല വടക്കേക്കര റോഡ് പാച്ച് വർക്കും പൈപ്പ് കൾവർട്ടും - ₹190759 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നമ്പർ : 22/18

പ്രോജക്ടിന്റെ പേര് : പുല്ലുമല വടക്കേക്കര റോഡ് പാച്ച് വർക്കും പൈപ്പ് കൾവർട്ടും

അടങ്കൽ : ₹ 195993 മെയിന്റനൻസ് ഫണ്ട് റോഡ്

ചെലവ് തുക : ₹ 190759 ബിൽ നമ്പർ : 12/17-18/29-6-2017

കൺവീനർ : ശശീന്ദ്രൻ. ജി.

അളവ് പുസ്തകം : 29/16-17 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പുല്ലുമല വടക്കേക്കര റോഡ് പാച്ച് വർക്കും പൈപ്പ് കൾവർട്ടും എന്ന മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2017-18 ൽ ₹ 190759 ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്കായി കൺവീനർ തുക ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള ചെലവ് കണക്കുകളോ വൗച്ചറുകളോ ഗുണഭോക്തൃ സമിതിയുടെ മിനുട്സോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹190759 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

5. മങ്കുന്ന് പാലയാട് കൊട്ടാരം ചെടിക്കുളം റോഡ് പാച്ച് വർക്ക് - ₹190723 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നമ്പർ : 29/18

പ്രോജക്ടിന്റെ പേര് : മങ്കുന്ന് പാലയാട് കൊട്ടാരം ചെടിക്കുളം റോഡ് പാച്ച് വർക്ക്

അടങ്കൽ : ₹ 195992 മെയിന്റനൻസ് ഫണ്ട് റോഡ്

ചെലവ് തുക : ₹ 190723 ബിൽ നമ്പർ : 15/17-18/29-6-2017

കൺവീനർ : രാജീവൻ. സി.

അളവ് പുസ്തകം : 52/16-17 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മങ്കുന്ന് പാലയാട് കൊട്ടാരം ചെടിക്കുളം റോഡ് പാച്ച് വർക്ക് എന്ന മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2017-18 ൽ ₹ 190723 ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്കായി കൺവീനർ തുക ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള ചെലവ് കണക്കുകളോ വൗച്ചറുകളോ ഗുണഭോക്തൃ സമിതിയുടെ മിനുട്സോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹190723 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

6. വീർപ്പാട് കല്ലറ റോഡ് പാച്ച് വർക്ക് - ₹235388യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നമ്പർ : 27/18

പ്രോജക്ടിന്റെ പേര് : വീർപ്പാട് കല്ലറ റോഡ് പാച്ച് വർക്ക്

അടങ്കൽ : ₹ 243988 മെയിന്റനൻസ് ഫണ്ട് റോഡ്

ചെലവ് തുക : ₹ 235388 ബിൽ നമ്പർ : 20/17-18/29-6-2017

കൺവീനർ : ജോസഫ്. എൻ. ടി.

അളവ് പുസ്തകം : 52/16-17 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ വീർപ്പാട് കല്ലറ റോഡ് പാച്ച് വർക്ക് റോഡ് പാച്ച് വർക്ക് എന്ന മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2017-18 ൽ ₹ 235388 ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്കായി കൺവീനർ തുക ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള ചെലവ് കണക്കുകളോ വൗച്ചറുകളോ ഗുണഭോക്തൃ സമിതിയുടെ മിനട്സോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹235388യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

7. ഹെൽത്ത് സെന്റർ എട്ടൂർ ചെക്കാനികുന്നേൽ റോഡ് പാച്ച് വർക്ക് - ₹236676 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നമ്പർ : 32/18

പ്രോജക്ടിന്റെ പേര് : ഹെൽത്ത് സെന്റർ എട്ടൂർ ചെക്കാനികുന്നേൽ റോഡ് പാച്ച് വർക്ക്

അടങ്കൽ : ₹ 243988 മെയിന്റനൻസ് ഫണ്ട് റോഡ്

ചെലവ് തുക : ₹ 236676 ബിൽ നമ്പർ : 20/17-18/29-6-2017

കൺവീനർ : ജാൻസൻ ജോസഫ്.

അളവ് പുസ്തകം : 20/16-17 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ ഹെൽത്ത് സെന്റർ എട്ടൂർ ചെക്കാനികുന്നേൽ റോഡ് പാച്ച് വർക്ക് എന്ന മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2017-18 ൽ ₹236676 ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്കായി കൺവീനർ തുക ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള ചെലവ് കണക്കുകളോ വൗച്ചറുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ സമിതിയുടെ മിനട്സ് പ്രകാരം പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് കൺവീനറെയും ചെയർമാനെയും തെരഞ്ഞെടുക്കുന്നതിന് വേണ്ടി ചേർന്ന ഒരു യോഗത്തിന്റെ വിവരം മാത്രമാണുള്ളത്. ആയതിനാൽ ₹236676 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

8. ചെങ്കായത്തോട് അംഗനവാടി സംരക്ഷണം- ₹99853 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നമ്പർ : 154/17 ( 4,60,000 മെയിന്റനൻസ് ഫണ്ട് റോഡിതരം)

: 41/18 ( 1,48,239 മെയിന്റനൻസ് ഫണ്ട് റോഡിതരം സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് : ചെങ്കായത്തോട് അംഗനവാടി സംരക്ഷണം

ആകെ അടങ്കൽ : ₹ 4,60,000 മെയിന്റനൻസ് ഫണ്ട് റോഡ്

ചെലവ് തുക : ₹ 3,11,761 ബിൽ നമ്പർ : 82/16-17/30-3-2017 1st Part Bill

: ₹ 99,853 ബിൽ നമ്പർ : 30/17-18/29-6-2017 Final Bill

ആകെ : ₹ 4,11,614

കൺവീനർ : ബ്രിജിത്താമ്മ. എ. കെ.

അളവ് പുസ്തകം : 72/16-17, 4/17-18 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ ചെങ്കായത്തോട് അംഗനവാടി സംരക്ഷണം എന്ന മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ₹4,11,614 ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്കായി കൺവീനർ തുക ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള ചെലവ് കണക്കുകളൊ വൗച്ചറുകളൊ ഗുണഭോക്തൃ സമിതിയുടെ മിനുട്സോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2017-18 വർഷത്തിൽ ചെലവഴിച്ച 99853 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 204000 | 207/18 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 158984 | 45016 |
| 2 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 204000 | | 158984 | 45016 |
| 3 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 42500 | 227/18 വനിതകൾക്ക് പച്ചക്കറി കൃഷിക്ക് കൂലിചെലവ് | 42500 | 0 |
| 4 | ഇരിട്ടി | 42500 | | 17500 | 25000 |

| | | | | | |
|---|---|---|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് | | സബ്സിഡി | | |
| 5 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 1480000 | 245/18<br>ലൈഫ് മിഷൻ പദ്ധതി പൂർത്തികരണം | 1480000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ | നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 104/18<br>തെരവു വിളക്ക് സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പുതിയ ലൈൻ സ്ഥാപിക്കൽ ഒന്നാം ഘട്ടം | 18/17-18<br>30-1-2018 | 2151400 | വിവരം ലഭ്യമല്ല | ------- | ----------- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1500000 |
| തൻവർഷം നിക്ഷേപിച്ച തുക | 127500 |

| | |
|---|---|
| ആകെ | 1627500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1627500 |

| നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|
| ഇരിട്ടി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക് 151/2016-17 /8-9-2017 | 542500 |
| ആറളം സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് 10843/14-8-2017 | 1085000 |
| ആകെ | 1627500 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹42509 യുടെ വിശദ വിവരം താഴെ കൊടുക്കുന്നു

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് വിവരം | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2015-16 | 2-3 | 250 | സെക്രട്ടറി, ക്ഷീരോല്പാദക സഹകരണ സംഘം | 117030101015 29-6-2017 |
| 2016-16 | 2-3 | 60 | രാജു തോമസ് | 117030101032 30-6-2017 |
| 2015-16 | 2-3 | 50 | പത്മജ സുരേന്ദ്രൻ | 117030101036 1-7-2017 |
| 2015-16 | 2-3 | 50 | ലതിക. പി. | 117030101046 |

| | | | | |
|---|---|---|---|---|
| | | | | 3-7-2017 |
| 2015-16 | 2-3 | 200 | പി.കെ. ജവഹർ | 117030101064<br>4-7-2017 |
| 2015-16 | 2-3 | 60 | ജോഷി ജോസഫ് | 117030101105<br>7-7-2017 |
| 2015-16 | 2-3 | 60 | കടന്നലകുന്നേൽ വർക്കി | 117030101236<br>18-7-2017 |
| 2015-16 | 2-3 | 7500 | സുരേഷ്. എം.എൽ. | 117030101517<br>10-8-2017 |
| 2015-16 | 2-3 | 560 | മാനേജർ മാവേലി സ്റ്റോർ, കീഴ്പള്ളി | 117030102050<br>28-9-2017 |
| 2015-16 | 2-3 | 562 | മാനേജർ മാവേലി സ്റ്റോർ, എട്ടൂർ | 117030102051<br>28-9-2017 |
| 2016-17 | 2-3(1) | 50 | ഡോ. ആന്റണി, ഹോമിയോ ക്ലിനിക്ക് | 117030102880<br>5-12-2017 |
| 2016-17 | 2-2 | 1875 | ആൽബിൻ ജോർജ് | 117030102986<br>11-12-2017 |
| 2015-16 | 2-4 | 7500 | ആൽബിൻ ജോർജ് | 117030102987<br>11-12-2017 |
| 2015-16 | 2-4(c) | 2500 | ജോൺ മത്തായി | 117030102994<br>11-12-2017 |

| | | | | |
|---|---|---|---|---|
| 2015-16 | 2-4(c) | 625 | കള്ള്ഷാപ്പ്, കാരാപ്പറമ്പ് | 117030102995<br>11-12-2017 |
| 2016-17 | 2-1(7) | 2500 | കള്ള്ഷാപ്പ്, കാരാപ്പറമ്പ് | 117030102996<br>11-12-2017 |
| 2016-17 | 2-2(2) | 625 | കള്ള്ഷാപ്പ്, വളയംകോട് | 117030103001<br>11-12-2017 |
| 2016-17 | 4-1(B) | 3453 | കെ. ശ്രീജിത്ത്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | 117030103005<br>14-12-2017 |
| 2016-17 | 3-10 | 653 | ജോയി ദേവസ്യ | 117030103040<br>19-12-2017 |
| 2015-16 | 2-1 | 4210 | കയ്യാണാനിക്കൽ അന്നമ്മ | 117030104297<br>14-2-2018 |
| 2016-17 | 2-3(4) | 50 | ടി. എൻ. ദിവാകരൻ | 1170301034640<br>23-2-2018 |
| 2016-17 | 2-2(8) | 1400 | ജിമ ജോസ് | 117030105436<br>12-3-2018 |
| 2015-16 | 2-4(c) | 1416 | സർവ്വീസ് സ്റ്റേഷൻ | 117030105721<br>21-3-2018 |
| 2016-17 | 2-3(3) | 50 | വീണ. കെ. സി. | 117030105846<br>24-3-2018 |
| 2016-17 | 2-4(B1) | 2500 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 11703040022<br>31-3-2018 |
| 2016-17 | 2-1(1) | 2500 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 11703040022<br>31-3-2018 |
| 2016-17 | 2-1(2) | 1250 | അനുവിന്ദ്. സി. | 11703040023<br>31-3-2018 |

| | | | | |
|---|---|---|---|---|
| ആകെ | | 42509 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2016-17 | 2.1 | 2014-15 | 2.1 | തൊഴിൽ നികുതി | നിലനിൽക്കുന്നു |
| | 2.4 | 2015-16 | 2.14 | | |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 81937444 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 77529336 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 39350 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 26,44,353 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-4(2) | 350 | - | ശ്രീമതി. അന്നമ്മ. എം, സെക്രട്ടറി |

| | | | |
|---|---|---|---|
| 2-6 | 39000 | - | ശ്രീമതി. അന്നമ്മ. എം, സെക്രട്ടറി |
| ആകെ | 39350 | | |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 3-1 | 63350 | ശ്രീ. കെ. പി. അബ്ദുള്ള, ഹെഡ് മാസ്റ്റർ |
| 3-4 | 100000 | ശ്രീ. കെ. പി. അബ്ദുള്ള, ഹെഡ് മാസ്റ്റർ |
| 3-5 | 89850 | ശ്രീ. കെ. പി. അബ്ദുള്ള, ഹെഡ് മാസ്റ്റർ |
| 3-6 | 29950 | ശ്രീ. കെ. പി. അബ്ദുള്ള, ഹെഡ് മാസ്റ്റർ |
| 3-7 | 100000 | ശ്രീ. കെ. പി. അബ്ദുള്ള, ഹെഡ് മാസ്റ്റർ |
| 3-10 | 192990 | ശ്രീമതി. അന്നമ്മ. എം, സെക്രട്ടറി |
| 3-12 | 260557 | ശ്രീമതി. അന്നമ്മ. എം, സെക്രട്ടറി |
| 3-15(1) | 285168 | ശ്രീമതി. മഞ്ജുള. എൻ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15(2) | 332604 | ശ്രീമതി. മഞ്ജുള. എൻ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15(3) | 236485 | ശ്രീമതി. മഞ്ജുള. എൻ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15(4) | 190759 | ശ്രീമതി. മഞ്ജുള. എൻ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 3-15(5) | 190723 | ശ്രീമതി. മഞ്ജുള. എൻ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15(6) | 235388 | ശ്രീമതി. മഞ്ജുള. എൻ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15(7) | 236676 | ശ്രീമതി. മഞ്ജുള. എൻ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15(8) | 99853 | ശ്രീമതി. മഞ്ജുള. എൻ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 26,44,353 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| നഷ്ടത്തിന് ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അന്നമ്മ. എം.സെക്രട്ടറി | സേവനത്തിൽ നിന്നും വിരമിച്ചു | മുല്ലപ്പള്ളി വീട്<br>വീർപാട്-പി.ഒ<br>ഇരിട്ടി, കണ്ണൂർ |
| ശ്രീ. കെ. പി. അബ്ദുള്ള,<br>ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ<br>ജി.എൽ.പി.എസ് ഇടവേലി | ആരിഫ മൻസിൽ<br>ആറളം - പി.ഒ<br>ഇരിട്ടി, കണ്ണൂർ |
| ശ്രീമതി. മഞ്ജുള. | അസിസ്റ്റന്റ് | ശ്രീവത്സം |

| | | |
|---|---|---|
| എൻ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ | എഞ്ചിനീയർ<br>മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത് | പയഞ്ചേരി<br>ഇരിട്ടി, കണ്ണൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ/കെ.എൻ.ആർ /സി.10/2079/2017 തീ : 13-4-2018 | 17 |
| 1999-00 (പ്ലാൻ) | കെ.എസ്.എ/കെ.എൻ.ആർ /സി.10/2079/2017 തീ : 13-4-2018 | 11 |
| 2001-02 (പ.വി) | കെ.എസ്.എ/കെ.എൻ.ആർ /സി.10/2079/2017 തീ : 13-4-2018 | 7 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ /സി.10/2079/2017 തീ : 13-4-2018 | 1 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ /സി.10/2079/2017 തീ : 13-4-2018 | 2 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ /സി.10/2079/2017 തീ : 13-4-2018 | 2 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ /സി.10/2079/2017 തീ : 13-4-2018 | 1 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ /സി.1/665/2012 തീ : 30-7-2012 | 6 |
| 2009-10<br>2010-11 | എൽ.എഫ്/കെ.എൻ.ആർ /സി.9/282/2013 തീ : 16-5-2013 | 15 |

| | | |
|---|---|---|
| 2011-12<br>2012-13 | എൽ.എഫ്/കെ.എൻ.ആർ /സി.9/2063/2014 തീ : 9-2-2015 | 27 |
| 2013-14<br>2014-15 | എൽ.എഫ്/കെ.എൻ.ആർ /സി.9/1138/2016 തീ : 12-7-2016 | 20 |
| 2015-16 | എൽ.എഫ്/കെ.എൻ.ആർ /സി.10/85/2017 തീ : 8-2-2017 | 16 |
| 2016-17 | കെ.എസ്.എ /കെ..എൻ.ആർ/സി.10 /1637/17തീ : 20-10-2017 | 17 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.10/338/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 17.04.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ്

സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ആറളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF ARALAM GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No. | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 29656177<br>83740 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1884970 |
| 140000000 | Fees & User Charges | RP-4 | 371676 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | RP-5 | 114378 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 60792449 |
| 171000000 | Interest Earned | RP-9 | 187383 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13884615 |
| 350000000 | Other Liabilities | RP-36 | 4436 |
| Non operating | | | |
| 180000000 | Other Income | RP-10 | 900 |
| 311000000 | Earmarked Fund | RP-29 | 33238 |
| 340000000 | Deposits Received | RP-34 | 490129 |
| 350000000 | Other Liabilities | RP-36 | 221156 |
| 431000000 | Sundry Debtors (Receivables) | RP-43 | 3934114 |
| 460000000 | Loans, Advances and Deposits | RP-47 | 18000 |
| Grand Total | | | 111677361 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3071959 |
| 220000000 | Administrative Expenses | RP-12 | 980014 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | RP-13 | 692914 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 6901841 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 15687446 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 694901 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 1307679 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 520215 |
| 255000000 | Maintance Projects | RP-20 | 12255548 |
| 256000000 | Other Revenue Grants and Funds – Revenue Expenses | RP-21 | 18 |
| 280000000 | Prior Period Item | RP-26 | -20809 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2943396 |
| 350000000 | Othes Liabilities | RP-36 | 6399686 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 1861 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | RP-26 | -19950 |
| 311000000 | Earmarked Funds | RP-29 | 35220 |
| 340000000 | Deposits Received | RP-34 | 223341 |
| 350000000 | Other Liabilities | RP-36 | 6043766 |
| 410000000 | Fixed Assets | RP-38 | 7003829 |
| 412000000 | Capital Work in Progress | RP-40 | 12159650 |
| 460000000 | Loans, Advances and Deposits | RP-47 | 646811 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 34010065<br>137960 |
| Grand Total | | | 111677361 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF ARALAM GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4939177 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat Properties | I-3 | 112040 |
| 140000000 | Fees & User Charges | I-4(b) | 480364 |
| 150000000 | Sale & Hire Charges | I-5(b) | 114378 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 140472403 |
| 170000000 | Income from Investments | I-7 | 127500 |
| 171000000 | Interest Earned | I-8 | 187383 |
| 180000000 | Other Income | I-9 | 2411 |
| A | Total Income | | 146435656 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9416272 |
| 220000000 | Administrative Expenses | I-11(b) | 1000014 |
| 230000000 | Operations & Maintenance | I-12(b) | 716856 |
| 240000000 | Interest & Finance Charges | I-13 | 1861 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 10928451 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 60659721 |
| 252000000 | Decentralised Plan Programme- | I-14(b) | 694901 |

| | | | |
|---|---|---|---|
| | Infrastructure Sector | | |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 1426554 |
| 254000000 | Expenditure of Transferrred Institutions & State Sponored Schems | I-14(d) | 45422015 |
| 255000000 | Maintance Projects | I-14(e) | 12255548 |
| 256000000 | Other Revenue Grants and Funds – Revenue Expenses | I-15(a) | 18 |
| 272000000 | Depreciation | I-17(a) | 319333 |
| B | Total Expenditure | | 142841544 |
| C=A-B | Gross Surplus / Defict Income over Expenditure | | 3594112 |
| D= 280000000 | Prior Period Item | I-18 | 1577916 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 2016196 |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |

# അനുബന്ധം 2-3

# BALANCE SHEET OF ARALAM GRAMA PANCHAYAT AS ON 31-3-2018

| Code No. | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 80346361 |
| 311000000 | Earmarked Funds | B-2 | 10467 |
| 312000000 | Reserves | B-3 | 155045334 |
| | Total Reserve & Surplus | | 235402162 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 10221923 |
| | Total Grants,Contribution for specific purposes | | 10221923 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 959442 |
| 350000000 | Other Liabilities | B-9 | 815472 |
| | Total Current Liabilities and Provisions | | 1774914 |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 247398999 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 225938383 |
| 411000000 | Accumulated Depreciation | B-11 | -15578557 |
| 412000000 | Capital Work In Progress | B-11(a) | 253682 |
| | Total Fixed Assets | | 210613508 |
| | Investments | | |
| 420000000 | Investments | B-12 | 1627500 |
| | Total Investments | | 1627500 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors ( Receivables) | B-15 | 747545 |
| 450000000 | Cash and Bank balance | B-17 | 34148025 |
| 460000000 | Loans, Advances and Deposits | B-18 | 262421 |
| | Total Current Assets,Loans and Advances | | 35157991 |
| | TOTAL ASSETS | | 247398999 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.